# ജീവമൊഴികൾ



## അത്യാഗ്രഹം, അസൂയ, നിഗളം

ഡി.എൽ. മൂഡി

**എഡിറ്റോറിയൽ**

# തെറ്റായ മനോഭാവങ്ങൾ



ഒരു ഗ്രാമത്തിൽനിന്നു രണ്ടു കായികതാരങ്ങൾ. ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ട് പൂമൊട്ടുകൾപോലെ. ഇരുവരും ചെറുപ്പക്കാരും ആത്മസുഹൃത്തുക്കളുമായിരുന്നു. പക്ഷേ അവരിൽ ഒരുവൻ കൂടുതൽ പ്രസിദ്ധനായി. അവൻ തന്റെ ഗ്രാമത്തിന്റെ പേര് വിദൂരദേശങ്ങളിൽ പോലും എത്തിച്ചു. ഗ്രാമീണർക്കു സന്തോഷമായി. തങ്ങളുടെ കൊച്ചുനാടിനെ ലോകപ്രശസ്തമാക്കിയ ആ കായികതാരത്തെ അർഹമായ നിലയിൽ ആദരിക്കാൻ അവർ തീരുമാനിച്ചു. അവന്റെ ഒരു വെണ്ണക്കൽപ്രതിമ നിർമ്മിച്ച് അവർ ഗ്രാമത്തിന്റെ കവാടത്തിൽ സ്ഥാപിച്ചു.

പക്ഷേ ഇതു മറ്റേ കായികതാരത്തെ അസൂയാലുവാക്കി. ആ പ്രതിമ അവിടെ നിൽക്കുന്നിടത്തോളംകാലം തനിക്കു സ്വസ്ഥത ലഭിക്കുകയില്ലെന്ന് അയാൾക്ക് തോന്നി. എങ്ങനെയും ആ പ്രതിമ തകർക്കണം. തന്നെ ആരും സംശയിക്കുകയുമരുത്. അതിന് എന്താണു വഴി? പല പദ്ധതികളും ആലോചിച്ചു. ഒടുവിൽ ഒരു വിദ്യ തോന്നി. രാത്രി ആരും കാണാതെ ആ പ്രതിമയുടെ അടിത്തറ കുറേശ്ശെ പൊട്ടിച്ചുമാറ്റുക. അങ്ങനെ കുറേ രാത്രികൾ പണിപ്പെട്ടാൽ ഒരുനാൾ പ്രതിമ താനേ താഴെ വീണു ഛിന്നഭിന്നമായിക്കൊള്ളും.

അന്നുരാത്രിതന്നെ ആൾസഞ്ചാരം നിലച്ചപ്പോൾ അയാൾ ഒരു ചുറ്റികയുമായി പ്രതിമയെ സമീപിച്ചു 'പണി തുടങ്ങി'. രാത്രികൾ പലതു കഴിഞ്ഞപ്പോൾ അയാൾ തന്റെ ലക്ഷ്യത്തോട് വളരെ അടുത്തു. ഇനി ഒരു രാത്രികൂടി പണിപ്പെട്ടാൽമതി. അയാൾ നിർണായകമായ ആ രാത്രിയും ഇരുളിനു കനം വച്ചപ്പോൾ പ്രതിമയെ ലക്ഷ്യമാക്കി പുറപ്പെട്ടു..... പിറ്റേന്ന് പുലർച്ചെ ഗ്രാമവാസികൾ നടുക്കുന്ന ആ വാർത്ത കേട്ടാണുണർന്നത്. എല്ലാവരും അങ്ങോട്ടോടി. അവിടെ അതാ ആ പടുകൂറ്റൻ പ്രതിമ അടിത്തറ ഇളകിയ നിലയിൽ വീണു കിടക്കുന്നു. പൊടുന്നനെ നിലംപതിച്ച ആ പ്രതിമയുടെ അടിയിൽപ്പെട്ട് ഒരു ചെറുപ്പക്കാരനും മരിച്ചുകിടക്കുന്നു. അത് മറ്റാരും ആയിരുന്നില്ല, ഓരോ രാത്രിയും ആ പ്രതിമയുടെ അടിത്തറ തകർത്തുകൊണ്ടിരുന്ന അസൂയാലുവായ ആ യുവാവായിരുന്നു. അവന്റെ കൈയിൽ അപ്പോഴും ഉണ്ടായിരുന്ന ആ ചുറ്റിക എന്താണു സംഭവിച്ചത് എന്നുള്ളതിനു വ്യക്തമായ തെളിവായിരുന്നു!

അസൂയയ്ക്ക് എന്തുചെയ്യാൻ കഴിയും എന്നതിലേക്കു വെളിച്ചം വീശുന്ന ഈ കൊച്ചുകഥ ബില്ലിഗ്രഹാമിന്റെ 'ഏഴു മാരകപാപങ്ങൾ' (Seven deadly sins) എന്ന പുസ്തകത്തിൽ നിന്നാണ്. അസൂയയ്ക്കു സത്യത്തിൽ ഒരു കാര്യമേ ചെയ്യാൻ കഴിയൂ. ആരാണോ അസൂയപ്പെടുന്നത് അവനെ നശിപ്പിക്കാൻ മാത്രം അസൂയയ്ക്കു കഴിയും. തന്നെ താലോലിക്കുന്നവരെ മുറിപ്പെടുത്തുന്ന മാരകമായ ഒരു പാപമാണ് അസൂയ. ഇക്കാര്യം ബൈബിളിൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക: "അസൂയയോ അസ്ഥികൾക്കു ദ്രവത്വം.' (സദൃശവാക്യം 14:30). അസ്ഥിയിലെ കാൻസർ പോലെ അപകടകാരിയാണ് അസൂയയെന്നു സാരം. പിടിപെടുന്ന ആളെ കാർന്നു തിന്നുന്ന പാപമാണ് അത്.

യിസ്രായേലിന്റെ ആദ്യരാജാവ് ശൗലിന്റെ പതനത്തിനു പിന്നിൽ ഉണ്ടായിരുന്നത് ഈ പാപമായിരുന്നു. എത്രനല്ല ഒരു തുടക്കമായിരുന്നു ശൗലിന്റേത്! എന്നാൽ ദാവീദിനോടുള്ള അസൂയ അവനെ തകർത്തുകളഞ്ഞു. അതേസമയം ശൗലിന്റെ അസൂയമൂലം ദാവീദിനു സാരമായ ദോഷം ഒന്നും സംഭവിച്ചതുമില്ല.

പിശാചിന്റെ ആക്രമണത്തിനായി നമ്മെത്തന്നെ തുറന്നിട്ടുകൊടുക്കാൻ അസൂയ ഇടയാക്കുമെന്നും ശൗലിന്റെ അനുഭവം പഠിപ്പിക്കുന്നു. ശൗൽരാജാവിനെ ഒരു ദുരാത്മാവ് ഇടയ്ക്കിടെ ആവേശിക്കുന്നതായി നാം വായിക്കുന്നു. പക്ഷേ അതിന്റെ തുടക്കം എവിടെയായിരുന്നുവെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? ദാവീദിനോടുള്ള അസൂയ ('കണ്ണുകടി' എന്നു പഴയ മലയാള വിവർത്തനം) അവനിൽ തല പൊക്കിയതിനെ തുടർന്നാണ് അത് ആരംഭിക്കുന്നത് (1 ശമുവേൽ 18:9,10 കാണുക).

അസൂയപോലെ മറ്റുള്ളവരോടുള്ള എല്ലാ തെറ്റായ മനോഭാവങ്ങളും പിശാചിനു നമ്മുടെ ജീവിതത്തിലേക്കു കയറിവരാനുള്ള വാതിൽ തുറന്നിട്ടു കൊടുക്കുന്നവയാണെന്നു നാം ശ്രദ്ധിച്ചിട്ടുണ്ടോ? 'സാത്താൻ നമ്മെ തോല്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ' എന്ന പ്രസിദ്ധമായ വചനത്തിനു തൊട്ടുമുകളിൽ പറഞ്ഞിരിക്കുന്നതു ക്ഷമിക്കാത്ത ഒരു മനോഭാവത്തെക്കുറിച്ചാണ് (2 കൊരിന്ത്യർ 2: 10,11) 'പിശാചിന് ഇടം കൊടുക്കരുത്' എന്ന വചനമാകട്ടെ കൂട്ടുകാരനോടു ഭോഷ്കു സംസാരിക്കുക, കോപിക്കുക എന്നിവയോടു ചേർത്താണു പറഞ്ഞിരിക്കുന്നത് (എഫെസ്യർ 4:25,26,27) 'പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവർ നിങ്ങളെ വിട്ട് ഓടിപ്പോകും.' എന്ന വാക്യം 'നിഗള'ത്തോടു ബന്ധിപ്പിച്ചു പരാമർശിച്ചിരിക്കുന്നതു യാദൃച്ഛികമാണോ? (യാക്കോബ് 4:6,7). 'പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു' എന്ന വചനം കീഴടങ്ങാത്ത മനോഭാവം, നിഗളം എന്നിവയെക്കുറിച്ചു പറയുന്നതിനു തൊട്ടുതാഴെയല്ലേ കാണുന്നത്? (1 പത്രോസ് 5:5-8) നോക്കുക: അസൂയ, നിഗളം ക്ഷമിക്കാത്ത മനോഭാവം, കള്ളം പറയുക, കോപിക്കുക, കീഴടങ്ങാതിരിക്കുക ഈവകയെല്ലാം എത്ര ഗൗരവമേറിയ കാര്യങ്ങളാണ്! തെറ്റായ ഓരോ മനോഭാവവും പിശാചിനു നമ്മിൽ ഇടം കൊടുക്കുകയാണെന്നു നാം അറിയുന്നുണ്ടോ?

ഇക്കാര്യം നാം അറിയരുതെന്നു പിശാചിനും നിർബന്ധമുണ്ട്. പ്രശസ്തനായ ഒരു എഴുത്തുകാരൻ ഇതേക്കുറിച്ച് ഇങ്ങനെ ഒരുദാഹരണം പറഞ്ഞിട്ടുണ്ട്. ഒരു രാജാവിന്റെ കൊട്ടാരത്തിലേക്ക് ഒരു രഹസ്യവാതിൽ ഉണ്ടെന്നും അത് അവന്റെ ശത്രുവിന് അറിയാമെന്നും സങ്കല്പിക്കുക. ശത്രു തരം കിട്ടുമ്പോഴൊക്കെ ആ രഹസ്യവാതിലിലൂടെ കൊട്ടാരത്തിൽ പ്രവേശിച്ച് വിലപ്പെട്ടതു പലതും കവർന്നുകൊണ്ട്, വന്നതുപോലെ ആ രഹസ്യവാതിലിലൂടെ തന്നെ തിരികെപ്പോകുന്നു. ശത്രു ബുദ്ധിയുള്ളവനായതുകൊണ്ട് താൻ ആ രഹസ്യവാതിലിലൂടെ ഉള്ളിൽ പ്രവേശിച്ചകാര്യം ഉടമസ്ഥൻ അറിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കും. എന്നാലല്ലേ പിന്നീടും ആ വഴിയായി പ്രവേശിക്കാൻ കഴിയൂ?

പിശാചും ഈ ശത്രുവിനെപ്പോലെയാണ്. അവൻ നമ്മുടെ ജീവിതത്തിൽ പ്രവേശിച്ച് നമ്മുടെ ആത്മീയസമ്പത്തുകൾ കൊള്ളയടിക്കാൻ കടന്നുവരുന്ന രഹസ്യവാതിലാണ് ഓരോ തെറ്റായ മനോഭാവവും. പക്ഷേ ഈ വാതിൽ വഴിയാണു താൻ ഉള്ളിൽ പ്രവേശിക്കുന്നതെന്ന് നാം അറിയാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിക്കുന്നു. നാം ഇക്കാര്യങ്ങൾ ഗൗരവമായെടുക്കുന്നില്ലെങ്കിൽ ഈ വാതിൽ വഴിയായി ആത്മീയ സമ്പത്തുകൾ ചോർന്നുപോകുന്ന വിവരം നാം അറിയുകയില്ല. ഫലം: 'പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു' എന്ന തിരുവെഴുത്തു നമ്മിൽ നിറവേറുന്നു (ഹോശേയ 4:6)

അസൂയ, കോപം തുടങ്ങിയവയൊക്കെ കൊച്ചു കാര്യങ്ങളാണെന്ന ചിന്തയ്ക്കു പിന്നിൽ പിശാചിന്റെ വഞ്ചനയുണ്ടെന്ന് ഇന്നു നമുക്കു തിരിച്ചറിയാം. രഹസ്യവാതിലുകൾ എന്നേക്കുമായി ബന്ധിക്കാം. ജാഗരൂകരാകാം.



പേജ് 4 **ചേറ്റിൽനിന്നു കരകയറ്റുന്ന ദൈവം**
സി.എച്ച്. സ്പർജൻ

പേജ് 5 **പ്രാർത്ഥനയ്ക്കു മറുപടി**
സാക്പുന്നൻ

പേജ് 8 **മാഡം ഗയോൺ: വിശുദ്ധിയുടെ സൗരഭ്യം**

പേജ് 11 **കീഴടങ്ങുന്നതിലൂടെ വിജയം**
സ്റ്റാൻലി ജോൺസ്

പേജ് 12 **അത്യാഗ്രഹം, അസൂയ, നിഗളം**
ഡി.എൽ. മൂഡി

പേജ് 15 **ക്രൂശിന്റെ സന്ദേശത്തെ ലഘൂകരിക്കരുത്**
ഡേവിഡ് വിൽക്കേഴ്സൺ

പേജ് 20 **അധോലോകത്തിൽനിന്നുള്ള കത്തുകൾ**
സി.എസ്. ലൂയിസ്, മൊഴിമാറ്റം: സാജു ഏബ്രഹാം

പേജ് 24 Happiness when shared, is doubled


## വിചിന്തനത്തിന്

### പ്രാർത്ഥന

പ്രാർത്ഥനയ്ക്കുശേഷം പ്രാർത്ഥനയെക്കാൾ മെച്ചപ്പെട്ട കാര്യം നിങ്ങൾക്കു ചെയ്യുവാൻ കഴിയും. എന്നാൽ പ്രാർത്ഥനയ്ക്കു മുൻപ് പ്രാർത്ഥയെക്കാൾ മെച്ചപ്പെട്ട ഒരുകാര്യവും നിങ്ങൾക്കു ചെയ്യാനാവില്ല.

*എസ്. ഡി. ഗോർഡൻ*

### മറുപടി

പ്രാർത്ഥനയുടെ മറുപടിയായല്ലാതെ ദൈവം ഒരു കാര്യവും ചെയ്യുന്നില്ല.

*ജോൺ വെസ്ലി*


# ജീവമൊഴികൾ

**നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ**
*(യോഹ 6: 68)*

***എവിടെയുമുള്ള ക്രിസ്തുശിഷ്യന്മാരുടെ ആരോഗ്യകരമായ ആത്മീയവളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന ഒരു ക്രിസ്തീയകുടുംബമാസിക***

*വാല്യം 2 ഒക്ടോബർ 2004 ലക്കം 10*



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)


**വാർഷികവരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |


*എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :*
**ജീവമൊഴികൾ**
**കുമാരനല്ലൂർ പി. ഒ., കോട്ടയം,**
**കേരള 686 016**
**ഫോൺ: 0481 – 2392753,**
e-mail : Info@jeevamozhikal.cjb.net


*മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.*


**വിദേശപ്രതിനിധികൾ**

*യു. എസ്. എ*
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
ഇ-മെയിൽ : benoyjames@hotmail.com

*ദുബായ്*
ഫ്രാൻസിസ് ജോൺ (റജി)
മൊബൈൽ: 97150 - 6584700
ഇ-മെയിൽ : francis@kitgulf.com

# ചേറ്റിൽതാണുപോകുന്ന വിശ്വാസി–2



# ചേറ്റിൽ നിന്നു കരകയറ്റുന്ന ദൈവം

*ക്രിസ്തീയജീവിതം പോരാട്ടങ്ങളുടെ ജീവിതമാണ്. നമ്മുടെ വിശ്വാസത്തെ സജീവമായി നിർത്തുന്നതു ചിലപ്പോൾ പ്രയാസമുള്ള ഒരു പ്രവൃത്തിതന്നെയാണ്. ആത്മാവിന്റെ സഹായംകൂടാതെ അതു സാധ്യമല്ല. അവിശ്വാസത്തിന്റേയും സംശയത്തിന്റേയും ചേറ്റിൽ താണുപോകുന്ന വിശ്വാസിയെ ദൈവത്തിനല്ലാതെ മറ്റാർക്കും വിടുവിക്കാൻ കഴിയുകയില്ല.*

സി. എച്ച്. സ്പർജൻ

പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ദൈവവചനത്തിനു മാത്രമായി അവരെ വിടുവിപ്പാൻ കഴിയുകയില്ല. ദൈവവചനത്തിലെ വാഗ്ദാനങ്ങൾ പോലും വാഗ്ദാനങ്ങളല്ല, മറിച്ച് ഭീഷണികളാണെന്നു നിങ്ങൾക്ക് ആ സമയത്ത് തോന്നും. ഒരിക്കൽ നിങ്ങൾക്ക് ഏറെ ആശ്വാസപ്രദമായിരുന്ന തിരുവെഴുത്തിന്റെ പേജുകൾ ഇപ്പോൾ കേവലം മരുഭൂമിപോലെ അനുഭവപ്പെടും. “ഈ വചനങ്ങളൊന്നും നിനക്ക് അവകാശപ്പെടാനുള്ളതല്ല. കാരണം നിന്റെ കഴിഞ്ഞകാല പാപങ്ങളാൽ നീ അയോഗ്യനായിമാറിക്കഴിഞ്ഞു” എന്നിങ്ങനെ മുൻകാല പാപങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തും. അത്തരം സന്ദർഭങ്ങളിൽ സുവിശേഷ പ്രഘോഷണംപോലും ശക്തിയില്ലാത്തതായി നിങ്ങൾക്ക് അനുഭവപ്പെടും. പ്രസംഗത്തിന്റെയോ, ദൈവവചനത്തിന്റെയോ കുഴപ്പംകൊണ്ടല്ലിത്. മറിച്ച് നിങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതാണു കാരണം എന്നു വേദനയോടെ നിങ്ങൾ മനസ്സിലാക്കും. ദൈവവചനത്തെ ഫലപ്രദമായി ഉപയോഗിച്ച് പരിശുദ്ധാത്മാവിനു മാത്രമേ ഈ പതനത്തിൽനിന്നു നിങ്ങളെ കരകയറ്റാനാവൂ.

ഇത്തരം സന്ദർഭങ്ങളിൽ മറ്റു വിശ്വാസികൾക്കും സഹായിപ്പാനാവി

*ശേഷം 6–ാം പേജിൽ*

അനുഭവം

# പ്രാർത്ഥനയ്ക്ക് മറുപടി

**സാക്പുന്നൻ**

**ഞാ**ൻ കൊച്ചിയിലെ നാവിക ത്താവളത്തിൽ ജോലി ചെയ്തിരുന്ന കാലം. ബ്രദർ ഭക്തസിംഗിന്റെ പ്രവർത്തനങ്ങളുടെ ആസ്ഥാനമായിരുന്ന ഹൈദരാബാദിൽ എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ 'ഹോളി കൊൺവൊക്കേഷൻ' എന്ന് അറിയപ്പെട്ടിരുന്ന നവീകരണ സമ്മേളനങ്ങൾ നടന്നു വന്നിരുന്നു. 1963ലെ പ്രസ്തുതസമ്മേളനങ്ങളിൽ സംബന്ധിക്കണം എന്ന അതിയായ ആഗ്രഹം മൂലം ഞാൻ ഒക്ടോബർ ഒന്നാം തീയതി അവധിക്ക് അപേക്ഷിക്കുകയും ഹൈദരാബാദിലെ ഹെബ്രോൻ ഫെലോഷിപ്പിൽ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ എനിക്ക് അവധി അനുവദിക്കുകയും ചെയ്തു. എന്നാൽ ഒരാഴ്ചയ്ക്കു ശേഷം നാവിക സേനയുടെ ആസ്ഥാനത്തു നിന്നും കൊച്ചി നാവികത്താവളത്തിൽ ഒരു സന്ദേശം ലഭിക്കുകയുണ്ടായി. ഒക്ടോബർ മാസത്തിൽത്തന്നെ മൈസൂരിൽ നടക്കുന്ന ഒരു പ്രദർശനത്തിൽ നാവിക സേനയും പങ്കെടുക്കേണ്ടതുണ്ട് എന്നതായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം. എന്റെ ഓഫീസിലെ മറ്റൊരു ഉദ്യോഗസ്ഥന് പ്രസ്തുത പ്രദർശനത്തിൽ സംബന്ധിക്കേണ്ടതിനാൽ അദ്ദേഹത്തിന്റെ ഒഴിവു നികത്താൻ എന്നെ നിയോഗിക്കുകയും എന്റെ അവധി റദ്ദാക്കുകയും ചെയ്തു. ഹെബ്രോനിലെ ആ വർഷത്തെ സമ്മേളനത്തിൽ സംബന്ധിക്കാമെന്നുള്ള എന്റെ എല്ലാ പ്രതീക്ഷയും അതോടെ അസ്തമിച്ചു.

ഒക്ടോബർ മാസം 12-ാം തീയതി എന്റെ പ്രഭാത ധ്യാനത്തിനായി 2 ശാമുവേൽ രണ്ടാമത്തെ അദ്ധ്യായമായിരുന്നു ഞാൻ വായിച്ചത്. ഒന്നാമത്തെ വാക്യം പറയുന്നു "യഹൂദയിലെ ഏതെങ്കിലും പട്ടണത്തിലേക്ക് ഞാൻ പോകേണമോ എന്ന് ദാവീദ് യഹോവയോട് അരുളപ്പാട് ചോദിച്ചപ്പോൾ യഹോവ അവനോട് നീ പോകുക എന്ന് അരുളിച്ചെയ്തു." ഹൈദരാബാദിലേക്ക് പോകാനുള്ള കർത്താവിന്റെ വാക്കുകളായി ആ വചനങ്ങൾ എനിക്ക് തോന്നി. അതേ സമയം മുൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ളതു പോലെ എന്റെ സ്വന്ത ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താനായി ഒരു വചനം ഞാൻ കണ്ടെത്തിയതാണോ എന്ന ചിന്തയും മനസ്സിലുദിച്ചു. "എവിടേക്കാണ് ഞാൻ പോകേണ്ടത്?" എന്ന് ദാവീദ് തുടർന്ന് ചോദിക്കുമ്പോൾ "ഹെബ്രോനിലേക്ക്" എന്ന യഹോവയുടെ മറുപടിയാണ് ഞാൻ തുടർന്നു വായിച്ചത്. 'ഹെബ്രോനിലേക്ക്' എന്ന സൂചന എന്നെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. ഹെബ്രോൻ കൂട്ടായ്മ യോഗങ്ങളിലേക്ക് ഞാൻ പോകണം എന്നു തന്നെയാകും കർത്താവിന്റെ ഹിതം. തുടർന്ന് ഞാൻ ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവേ എന്റെ അവധി റദ്ദാക്കിയത് തിരുഹിത പ്രകാരമെങ്കിൽ സന്തോഷപൂർവ്വം ഞാൻ അത് അംഗീകരിക്കുന്നു. എന്നാൽ ഞാൻ ഹെബ്രോനിലേക്ക് പോകുന്നതിനെ തടയാനുള്ള സാത്താന്റെ ശ്രമമാണ് അതെങ്കിൽ അവിടുത്തെ നാമത്തിൽ ഞാൻ അതിനോട് എതിർത്തു നിൽക്കുന്നു." വിഷമകരമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ മറ്റ് വിശ്വാസികളോട് ഒരുമനപ്പെട്ട് പ്രാർത്ഥിക്കുവാൻ കർത്താവ് കൽപ്പിച്ചിട്ടുള്ള കാര്യം എനിക്ക് അറിയാമായിരുന്നു (മത്താ 18:19) ഞാൻ അങ്ങനെ പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ രണ്ടുദിവസങ്ങൾക്കു ശേഷം നാവികസേനയുടെ ആസ്ഥാനത്തു നിന്നും അറിയിപ്പ് ലഭിച്ചു- മൈസൂറിൽ നടക്കുന്ന പ്രദർശനത്തിൽ നാവികസേന പങ്കെടുക്കുന്നതല്ല എന്ന്. എനിക്ക് ഹൈദരാബാദിലേക്ക് പോകുവാൻ അവധി ലഭിച്ചു. അവിടുത്തെ മക്കളിൽ നിസ്സാരനായ ഒരു ചെറുപ്പക്കാരനുവേണ്ടി ദൈവം അധികാരത്തിന്റെ ഉന്നത തലങ്ങളിൽ പോലും പ്രവർത്തിക്കുന്നു എന്ന സത്യം എന്നെ തികച്ചും വിസ്മയഭരിതനാക്കി.

ആ സമ്മേളനത്തിൽ വർഷങ്ങളായി ഭക്തസിംഗ് പിൻതുടർന്നു വന്നിരുന്ന ഒരു പരിചയം ആദ്യമായി ലംഘിക്കുകയുണ്ടായി. മുമ്പിലത്തേ പതിനഞ്ചു വർഷങ്ങളിലും ഏറ്റവും അധികം ജനാവലി പങ്കെടുത്തിരുന്ന രാത്രി യോഗങ്ങളിൽ അദ്ദേഹം തന്നെയായിരുന്നു ദൈവ വചനം പ്രസംഗിച്ചിരുന്നത്. തന്റെ ഏറ്റവും മുതിർന്ന സഹപ്രവർത്തകരെപ്പോലും പ്രധാനപ്പെട്ട ഈ ശുശ്രൂഷ അദ്ദേഹം ഏൽപിച്ചിരുന്നില്ല. എന്നാൽ ഈ പ്രാവശ്യം ഒരു ദിവസത്തെ രാത്രിയോഗത്തിൽ അയ്യായിരത്തിലധികം വരുന്ന ജനക്കൂട്ടത്തോട് പ്രസംഗിക്കുവാൻ 23 വയസ്സു മാത്രം പ്രായമുള്ള എന്നോട് ആവശ്യപ്പെടുകയുണ്ടായി. എന്റെ ആദ്യത്തെ അനുഭവമായിരുന്നു ഇത്രയധികം ജനത്തോളോട് ദൈവ വചനം സംസാരിക്കുന്നത്. ദൈവം എന്നെ അഭിഷേകം ചെയ്യുകയും അവിടുത്തെ വചനത്തിന്റെ വാതിൽ തുറന്നു തരികയും

*ശേഷം 6-ാം പേജിൽ*

**ആ പ്രത്യേക സന്ദർഭത്തിൽ അവിടുത്തെ ശുശ്രൂഷയ്ക്കായി അത്ഭുതകരമായ വിധത്തിൽ ദൈവം ഒരു വാതിൽ തുറന്നു തന്നില്ലായിരുന്നെങ്കിൽ അത്യുന്നതനായ ദൈവത്തിന്റെ ഒരു ദാസനായിരിക്കുന്നതിനു പകരം നാവികസേനയിൽ കേവലം ഒരു അഡ്മിറലായി ഞാൻ അവസാനിച്ചേനേ. അതേ, വലിയ വാതിലുകൾ ചെറിയ വിജാഗിരികളിലാണ് തിരിയുന്നത്.**

**അല്പകാര്യങ്ങളുടെ ദിവസം -9**

## ചേറ്റിൽ താണു പോകുന്ന... 4–ാം പേജ് തുടർച്ച

ല്ല. ഈയൊരവസ്ഥയിൽ കഴിയുന്നത് എത്ര മടയത്തരമാണെന്ന് ചുറ്റുമുള്ളവർ നിങ്ങളോടു പറയും. എന്നാൽ കൈയോ, കാലോ അനക്കാനാവാതെ നിങ്ങൾ അവിടെ നിസ്സഹായനായിക്കിടക്കും. ദൈവത്തിന്റെ വിശ്വസ്തതയെപ്പറ്റിയും അക്കരനാട്ടിലെ ശോഭനമായ ഭാവിയെപ്പറ്റിയും മറ്റുള്ളവർനിങ്ങളെ ഓർമ്മപ്പെടുത്തും. പക്ഷേ നിരാശയുടെ നെടുവീർപ്പുകൾ മാത്രമായിരിക്കും നിങ്ങളിൽനിന്ന് ഉയരുന്നത്. എന്തിനാണ് നമ്മുടെ ദൈവം ഇതനുവദിക്കുന്നത്? നിങ്ങൾ ദൈവത്തെ ആശ്രയിക്കാതെ ജീവിക്കുന്നതുകൊണ്ട് നിങ്ങൾ സ്വയം ആശ്രയിച്ചു പോകുന്ന എല്ലാറ്റിനെയും അവിടുന്ന് ഒന്നൊന്നായി മാറ്റുകയാണ്. നിങ്ങളെ തന്നിലേയ്ക്കു തന്നെ വലിച്ചടുപ്പിക്കാനാണ് അവിടുന്ന് ഇങ്ങനെ ചെയ്യുന്നത്.

മതപരമായ ചട്ടക്കൂടുകളിൽ നമുക്ക് തൃപ്തരായിരിപ്പാൻ കഴിയും. ദൈവത്തിന്റെ സ്ഥാനത്ത് അവയെ പ്രതിഷ്ഠിച്ച് നാം അവയെ വിഗ്രഹമാക്കി മാറ്റിയിട്ടുണ്ടാവും. അതുകൊണ്ട് ദൈവം 'ദേശത്തൊരു ക്ഷാമം അയച്ച്' രക്ഷകനെ കൂടുതൽ അന്വേഷിക്കാൻ നമ്മെ പ്രേരിപ്പിക്കുകയാവാം ചെയ്യുന്നത്. ദൈവത്തിന്റെ കൃപയിൽ മാത്രം മറയില്ലാതെ സമ്പൂർണ്ണമായി ജീവിക്കുക- ഇതാണ് ക്രിസ്ത്യാനിക്ക് ജീവിക്കുവാൻ പറ്റിയ ഏറ്റവും നല്ല ഇടം. കാറ്റും പിശറും വന്നാൽ നാം പടുത്തുയർത്തിയിരിക്കുന്നതെല്ലാം തകർന്നു വീഴും. പക്ഷേ കുലുങ്ങാത്ത പാറയിൽ നിന്നാൽ നമുക്കൊന്നും നഷ്ടപ്പെടുകയില്ല. നമ്മുടെ വിശുദ്ധീകരണത്തിലോ, സ്വയനിഷേധത്തിലോ, നമ്മുടെ ബോദ്ധ്യങ്ങളിലോ

> **ദൈവത്തിന്റെ കൃപയിൽ മാത്രം മറയില്ലാതെ സമ്പൂർണ്ണമായി ജീവിക്കുക- ഇതാണ് ക്രിസ്ത്യാനിക്ക് ജീവിക്കുവാൻ പറ്റിയ ഏറ്റവും നല്ല ഇടം.**

ആണ് നമ്മുടെ നിലനില്പെന്ന് ഒരു നിമിഷനേരം പോലും ചിന്തിച്ചു പോകരുതേ. ക്രിസ്തു കാൽവറിയിൽ തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി സമ്പൂർണ്ണബലിയായിത്തീർന്നതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. നാം തന്നിൽ സമ്പൂർണ്ണരാണ്. നമ്മുടെ ഒന്നിലും നമുക്കു വിശ്വസിക്കാനില്ല. മറിച്ച് അവിടുത്തെ നന്മയിൽ നമുക്കു വിശ്രമിക്കാം.

ഈ അവസ്ഥയിൽ വന്നുകഴിയുമ്പോൾ ദൈവം നമ്മെ സഹായിപ്പാനെത്തും. പുതിയ ആത്മാർത്ഥതയോടെ ദൈവത്തിങ്കലേക്കു പുത്തനായി തിരിയാൻ തക്കവണ്ണം നമ്മുടെ ദരിദ്രാവസ്ഥ അവിടുന്നു നമ്മെ ബോദ്ധ്യപ്പെടുത്തും. അപ്പോൾ ദൈവത്തെ നോക്കി കരയാൻ പ്രേരിപ്പിച്ച കുഴഞ്ഞ ചേറ്റിനെ ഓർത്തു നമുക്ക് ദൈവത്തെ സ്തുതിപ്പാൻ കഴിയും,

**3. പ്രാർത്ഥനയാണ് അഭയസ്ഥാനം**

വാളോ മറ്റ് ആയുധങ്ങളോ ഉപയോഗിപ്പാൻ കഴിയാത്ത അവസ്ഥയിൽ പ്രാർത്ഥനയെന്ന ആയുധം കയ്യിലേന്തുക. ആർക്കും അടയ്ക്കാൻ കഴിയാത്ത ഒരുവാതിലാണത്. പിശാചുക്കൾ നാലുവശത്തും നിന്നാലും നിങ്ങൾക്ക് ഒരു വഴി ഒഴിഞ്ഞു കിടക്കും. ആ വഴിയിൽ തടസ്സമില്ലാതിരിക്കുന്നിടത്തോളം നിങ്ങൾ ശത്രുവിന്റെ കൈയിൽ വീഴുകയില്ല. സ്വർഗ്ഗത്തിന്റെ കവാടം രാവും പകലും തുറന്നാണു കിടക്കുന്നത്. ദൈവം നിങ്ങളുടെ പ്രാർത്ഥനയെ ഏതു സമയത്തും ഏതു സ്ഥലത്തും ഏതു സാഹചര്യത്തിലും (അതു ദാരിദ്ര്യമോ, രോഗമോ, സംശയമോ, പാപമോ ആയിക്കൊള്ളട്ടെ) സ്വാഗതം ചെയ്യുന്നു.

പ്രാർത്ഥന ഒരിക്കലും പരാജയപ്പെടുകയില്ല. നിങ്ങൾ ചോദിക്കുന്നതെല്ലാം എപ്പോഴും കിട്ടിയെന്നുവരില്ല. എന്നാൽ എപ്പോഴും നിങ്ങളുടെ യഥാർത്ഥമായ ആവശ്യം നിറവേറ്റപ്പെടും. തന്റെ മക്കളുടെ പ്രാർത്ഥനയ്ക്ക്

## പ്രാർത്ഥനയ്ക്കു മറുപടി 5–ാം പേജ് തുടർച്ച

ചെയ്തു. ("പുതിയ തളികയിലെ ഉപ്പ്" എന്ന തലക്കെട്ടിൽ അന്ന് ഞാൻ നൽകിയ സന്ദേശം ഇന്റർനെറ്റിലെ എന്റെ വെബ്സൈറ്റിൽ നിങ്ങൾക്ക് വായിക്കാൻ കഴിയും.)

ആ മീറ്റിംഗിൽ ഞാൻ അനുഭവിച്ച അസാധാരണമായ ആത്മസ്വാതന്ത്ര്യവും ശ്രോതാക്കളുടെ പ്രതികരണവും എനിക്ക് വലിയ ഉത്സാഹം തന്നു. ഭക്തസിംഗ് ഈ വസ്തുത അംഗീകരിക്കുകയും തുടർന്ന് പല സ്ഥലങ്ങളിലും തന്നോടൊത്ത് പൊതുയോഗങ്ങളിൽ സംസാരിക്കുവാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തു. ദൈവവചനം പ്രസംഗിക്കാനായി കർത്താവ് എന്നെ വിളിക്കുകയും അഭിഷേകം നൽകുകയും ചെയ്തിരിക്കുന്നു എന്ന് എനിക്ക് ബോദ്ധ്യമായി. ഞാൻ സംസാരിക്കുന്ന വചനങ്ങളെ ദൈവം തന്നെ ഉറപ്പിച്ച് ചെറുപ്പക്കാരനായ എന്റെ ഹൃദയത്തെ ഉറപ്പിക്കേണ്ടത് ആവശ്യമായിരുന്നു താനും. ഏഴു മാസത്തിനു ശേഷം പൂർണ്ണസമയവും കർത്താവിന്റെ വേലയിൽ ആയിരിക്കാനായി അവിടുന്ന് എന്നെ വിളിച്ചപ്പോൾ ഈ ഉറപ്പ് വലിയ സഹായമായിരുന്നു. വിശ്വാസത്തിന്റെ പ്രാർത്ഥനയുടെ അത്യധികമായ ശക്തി എനിക്ക് ബോദ്ധ്യപ്പെട്ട ഒരു സന്ദർഭമായിരുന്നു മേൽപറഞ്ഞ സംഭവം. ഐക്യത്തിന്റെ ആത്മാവിൽ സഹവിശ്വാസികളോടൊപ്പം പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യവും എനിക്ക് വ്യക്തമായി. വിശ്വാസത്തോടും ഒരുമനപ്പെട്ടും ദൈവമക്കൾ പ്രാർത്ഥിക്കുമ്പോൾ ക്രിസ്തുവിന്റെ സകല അധികാരവും അവർക്കായി വെളിപ്പെട്ടുവരും.

1963 ഒക്ടോബറിൽ നാവികസേന മൈസൂറിലെ പ്രദർശനത്തിൽ പങ്കെടുത്തിരുന്നെങ്കിൽ എനിക്ക് ഹെബ്രോനിൽ പോകാൻ കഴിയുകയില്ലായിരുന്നു. കുറെക്കൂടെ വിശാലമായ ഒരു ശുശ്രൂഷ എനിക്കായി ദൈവം ഒരുക്കിയിട്ടുണ്ട് എന്ന ബോദ്ധ്യം എനിക്കുണ്ടായത് പ്രസ്തുത സമ്മേളനത്തിലാണ്. പ്രതിദിനം ദൈവത്തെ ശ്രദ്ധിക്കുകയും തിരുവചനപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്ന പരിചയം എനിക്കില്ലായിരുന്നെങ്കിൽ എന്റെ സാഹചര്യത്തെ മാറ്റിത്തരുവാനായി ഞാൻ പ്രാർത്ഥിക്കില്ലായിരുന്നു. അപ്പോഴുള്ള ദൈവഹിതം എനിക്ക് നഷ്ടമാകുകയും ചെയ്തേനേ. ആ പ്രത്യേക സന്ദർഭത്തിൽ അവിടുത്തെ ശുശ്രൂഷയ്ക്കായി അത്ഭുതകരമായ വിധത്തിൽ ദൈവം ഒരു വാതിൽ തുറന്നു തന്നില്ലായിരുന്നെങ്കിൽ അത്യുന്നതനായ ദൈവത്തിന്റെ ഒരു ദാസനായിരിക്കുന്നതിനു പകരം നാവികസേനയിൽ കേവലം ഒരു അഡ്മിറലായി ഞാൻ അവസാനിച്ചേനേ.

അതേ, വലിയ വാതിലുകൾ ചെറിയ വിജാഗിരികളിലാണ് തിരിയുന്നത്.

●

അക്ഷരാർത്ഥത്തിലല്ല അതിന്റെ ആന്തരാർത്ഥം അറിഞ്ഞാണ് അവിടുന്ന് മറുപടി നൽകുന്നത്. നിങ്ങൾ വെള്ളി ചോദിക്കുമ്പോൾ അവിടുന്ന് പൊന്നു തന്നാൽ നിങ്ങൾ ദേഷ്യപ്പെടുമോ? നിങ്ങൾ ആരോഗ്യം ചോദിക്കുന്നു. അതേസമയം അവിടുന്നു രോഗത്തെ നിങ്ങളുടെ ചില ആത്മീയ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഉപയോഗിച്ചാൽ പരാതിപ്പെടാൻ നിങ്ങൾക്കാവുമോ? ജഡത്തിൽ ഒരു മുള്ളും നഷ്ടപരിഹാരമായി ദൈവശക്തിയും നൽകിയപ്പോൾ പൗലോസ് കൂടുതൽ സമ്പന്നനായി മാറുകയല്ലേ ചെയ്തത്.

ആത്മീയമായി ഉണർച്ചയിലാണു നിങ്ങളെങ്കിൽ, പ്രാർത്ഥനയുടെ വാക്കുകൾ ഉച്ചരിപ്പാൻ ഭയപ്പെടുന്ന അവസ്ഥയിലാണെങ്കിൽ പോലും നിങ്ങളുടെ ആത്മാവ് ആഗ്രഹിക്കുകയും, ദാഹിക്കുകയും വാഞ്ഛിക്കുകയും ചെയ്യും. അതുതന്നെയാണ് പ്രാർത്ഥനയുടെ മുഖ്യഘടകം. നെടുവീർപ്പും നോട്ടവുമാണ് പ്രാർത്ഥന. പ്രാർത്ഥിപ്പാൻ കഴിയുന്നില്ലെന്നു പറഞ്ഞാലും നിങ്ങൾ പ്രാർത്ഥിച്ചേ മതിയാകൂ. ക്രിസ്ത്യാനിയാണെങ്കിൽ നിങ്ങൾക്കു പ്രാർത്ഥിക്കാതിരിക്കാനാവില്ല. നിങ്ങളെ ബന്ധിച്ചിരിക്കുന്ന സാത്താന്റെ വലകളെ പൊട്ടിക്കുക. മുഴുബലത്തോടെയും പ്രാർത്ഥിക്കാൻ ആരംഭിക്കുക. പ്രാർത്ഥന എങ്ങനെ രൂപം മാറിയാലും ഗണ്യമാക്കേണ്ട. പ്രാർത്ഥിക്കുക എന്നതാണ് പ്രധാനം. ഇപ്പോൾ എല്ലാം നിങ്ങളുടെ പ്രാർത്ഥനയെ ആശ്രയിച്ചാണിരിക്കുന്നത്. സാത്താന് നിങ്ങളുടെ പ്രാർത്ഥനയെ തടയാൻ കഴിഞ്ഞാൽ അവസാന അഭയസ്ഥാനത്തുനിന്നും നിങ്ങൾ വലിച്ചിറക്കപ്പെടുകയാണെന്ന് ഓർത്തുകൊള്ളണം. ജീവൻപോലും വില കൊടുക്കേണ്ടിവന്നാലും പ്രാർത്ഥിക്കുക.

നിങ്ങൾ ഈ ഒരു പതനത്തിലെത്തിയിട്ടില്ലെങ്കിൽ ദൈവത്തോടു നന്ദിയുള്ളവനായിരിക്കുക. എന്നാൽ നടപ്പിനെ സൂക്ഷിച്ചില്ലെങ്കിൽ, സ്വന്തം ശക്തിയിലും നന്മയിലും ഏറെ ആത്മവിശ്വാസം ഉള്ളവനായി മാറിയാൽ, ദൈവം നിങ്ങളെ താഴ്ത്തും. ദാവീദിനെപ്പോലെ "ചേറ്റിൽനിന്ന് എന്നെ കരകയറ്റേണമേ, ഞാൻ താണു പോകരുതേ" എന്നു പ്രാർത്ഥിക്കുന്ന അവസ്ഥയിലേയ്ക്ക് അവിടുന്ന് നിങ്ങളെ എത്തിക്കും. ●

# ഉദ്ധരണികൾ, ഉദാഹരണങ്ങൾ

## പ്രസംഗവും അനുസരണവും

ഡി.എൽ.മൂഡി ഒരു സഭയിൽ ഒരു സന്ദേശം ഒരിക്കൽ പ്രസംഗിച്ചു. അടുത്താഴ്ചയും അതേസഭയിൽ അതേവിഷയം പ്രസംഗിച്ചു. മൂന്നാമത്തെ ആഴ്ചയും അതേ പ്രസംഗം ആവർത്തിച്ചപ്പോൾ മീറ്റിംഗുകഴിഞ്ഞ് ഒരാൾ ചോദിച്ചു. "ഒരേകാര്യം ഒരേ ആളുകളോട് ഇനി എത്രവട്ടംകൂടി പ്രസംഗിക്കും?"

"ഞാൻ പ്രസംഗിക്കുന്ന കാര്യം നിങ്ങൾ പ്രവർത്തിക്കുന്നതുവരെ" മൂഡിയുടെ മറുപടി.

## ചെക്കു പാസ്സാക്കുന്ന വിധം

ചില ബിസിനസ് സ്ഥാപനങ്ങളുടെ ചെക്കുകൾ രണ്ടു വ്യക്തികൾ ഒപ്പിട്ടാൽ മാത്രമേ പാസ്സാകുകയുള്ളു. ഒരാൾ മാത്രം ഒപ്പിട്ടു ബാങ്കിൽ കൊടുത്താൽ അതു മാറാൻ സാധ്യമല്ല. ദൈവത്തിന്റെ പ്രവർത്തനവിധവും ഇങ്ങനെതന്നെ. ദൈവികവാഗ്ദാനങ്ങൾ എന്നു പറയുന്നത് അവിടുത്തെ രക്തത്താൽ ഒപ്പിട്ട അവിടുത്തെ ചെക്കുകളാണ്. കാൽവറിയിൽ അവിടുത്തെ പങ്ക് പൂർണമായി നിർവഹിച്ചു കഴിഞ്ഞു. എന്നാൽ വീണ്ടെടുക്കപ്പെട്ട ഒരു മനുഷ്യൻ തന്റെ പ്രാർത്ഥനയാലും വിശ്വാസത്താലും ദൈവത്തിന്റെ പേരിന്റെ സമീപം തന്റെ പേരുകൂടി എഴുതിച്ചേർത്ത് ഒപ്പിടുന്നതുവരെ ദൈവിക വാഗ്ദാനങ്ങളാകുന്ന ചെക്കുകൾ പാസ്സാകുകയില്ല.

*പോൾ ഇ. ബിൽ ഹെയ്മർ*

## പത്തുലക്ഷം ഡോളർ

പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഒരു ക്രിസ്തീയ മഹിളാരത്നം ഒരു കുഷ്ഠരോഗിയുടെ വ്രണം കഴുകിക്കെട്ടുന്നത് കണ്ടുനിന്ന ഒരു പത്രപ്രതിനിധി അവരോടു ചോദിച്ചു. "പത്തുലക്ഷം ഡോളർ തരാമെന്നു പറഞ്ഞാലും എനിക്ക് ഇങ്ങനെ ചെയ്യാൻ കഴിയുകയില്ല. പിന്നെ നിങ്ങൾക്ക് എങ്ങനെയാണ്ത് സൗജന്യമായി ചെയ്യുവാൻ കഴിയുന്നത്?"

"പത്തുലക്ഷം ഡോളറിന് ഞാനും ഇതു ചെയ്യുകയില്ല. എന്നാൽ യേശുവിനോടുള്ള സ്നേഹം മൂലം എനിക്കിതും ചെയ്യുവാൻ കഴിയും. ഈ കുഷ്ഠരോഗി മറ്റൊരാളല്ല. യേശുവാണ്. ഞാൻ കഴുകുകയും വൃത്തിയാക്കുകയും ചെയ്യുന്നത് അവിടുത്തെ മുറിവാണ്"

-സമാഹൃതം.

**കവിത**

## സമർപ്പണം

അന്നൊരിക്കൽ ഗുരുവരൻ
വന്നാൻ ദേവാലയാങ്കണേ
അന്നും തൻ ശിഷ്യവൃന്ദത്തി-
ന്നുന്നതം സത്യമോതുവാൻ

ദേവമന്ദിരപാർശ്വത്തിൽ
ദേവഭണ്ഡാരമുണ്ടതിൽ
തൂവിനാർ സ്വർണ്ണനാണ്യങ്ങൾ
യൂദവിത്തേശരൊട്ടുപേർ.

മാനുഷർമുമ്പിലായ് മാനം
നേടുവാൻ മുമ്പരാകുവാൻ
മോഹിക്കും മർത്ത്യരെക്കണ്ടു
ദേവൻ പുഞ്ചിരി തൂകിനാൻ.

അത്തവ്വിലവിടത്തിങ്ക-
ലെത്തിനാൾ ദയനീയയായ്
മുത്തശ്ശി, വിധവാവേഷം
പൂണ്ടിടും ഭക്തനാരിയാൾ

"എന്തുനൽകേണ്ടു ഞാൻ ദേവ-
നെന്നേകധനമിത്രതാൻ"
എന്നോർത്തു രണ്ടു ചില്ലിക്കാ-
ശർപ്പിച്ചാൾ തൃപ്തയാമവൾ

ഇക്കാഴ്ച കണ്ടു താൻ ശിഷ്യ-
സ്തോമത്തോടോതി
ക്രിസ്തുവും:
"ഈ നാരിയർപ്പണം ചെയ്താ-
ളേറെയെല്ലാരിലും ധ്രുവം;

തൻ സമ്പത്തഖിലം ദേവ-
ന്നർപ്പണം ചെയ്തിവൾക്കു താൻ
ഉന്നതം സ്വർഭാഗ്യമെന്നും
വന്നിടും, വേണ്ട സംശയം."

# മാഡം ഗയോൺ: വിശുദ്ധിയുടെ സൗരഭ്യം

മാർട്ടിൻ ലൂഥറിന്റെ കാലത്തിനുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞ് എ. ഡി. പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രഥമപാദത്തിലുമായി ഫ്രാൻസിൽ ജീവിച്ചിരുന്ന ഭക്തയായ ഒരു ക്രൈസ്തവ വനിതയാണ് മാഡം ഗയോൺ. ദാർശനികചിന്ത, ഉന്നതമായ ആത്മീയാനുഭവങ്ങൾ, ഉദാത്തമായ പ്രാർത്ഥനാജീവിതം എന്നിവയാൽ അനുഗൃഹീതയായിരുന്ന ഈ ഉത്കൃഷ്ടമഹിള തന്റെ ജീവിതകാലഘട്ടത്തിലും അനന്തരതലമുറകളിലും വിശ്വാസികൾക്ക് ഒരു പ്രചോദനകേന്ദ്രമായിരുന്നു.

ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ നിന്ന് ഏതാനും മൈൽ തെക്കുകിഴക്കായി മൊണ്ടാർഗിസ് എന്ന ചെറുനഗരത്തിൽ കുലീനമായ ഒരു റോമൻകത്തോലിക്കാ കുടുംബത്തിൽ ബൊവിയേറെസ് ദെലമോത്തിന്റെയും മാഡം ദെലമോത്തിന്റെയും പുത്രിയായി 1648 ഏപ്രിൽ 18-ാം തീയതി മാഡം ഷാൻ മേരി ഗയോൺ ജനിച്ചു. ഏതാനും ചില കോൺവെന്റ് സ്കൂളുകളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. കോൺവെന്റിലെ ആത്മീയാന്തരീക്ഷം ആ ബാലികയ്ക്ക് ഇഷ്ടമായിരുന്നു. 11-ാം വയസ്സിൽ ആ പെൺകുട്ടി തന്റെ ജീവിതം പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിച്ചു. ഏതെങ്കിലും കോൺവെന്റിൽ ഒരു സന്യാസിനിയായി ജീവിതം നയിക്കണമെന്നായിരുന്നു ഷാൻ മേരിയുടെ ആഗ്രഹം. പക്ഷേ പിതാവ് അതിനു സമ്മതിച്ചില്ല.

വിദ്യാഭ്യാസാനന്തരം 16-ാമത്തെ വയസ്സിൽ സുന്ദരിയായ ഷാൻ മേരി പിതാവിന്റെ ഇംഗിതത്തിനു വഴങ്ങി 38 വയസ്സുള്ള ഷായ്ക് ഗയോൺ എന്ന ധനികനായ വർത്തകനെ വിവാഹം ചെയ്തു. സ്വേച്ഛയ്ക്കു വിപരീതമായി നടത്തിയ ഈ വിവാഹം ഷാൻ



*മാഡം ഗയോൺ: ഉടഞ്ഞുപോയ സുഗന്ധക്കുപ്പി*

മേരിയെ ദുഃഖിതയാക്കി. ഭർത്തൃഭവനം അവൾക്കൊരു വിലാപഭവനമായിരുന്നു. വൃദ്ധയും വിധവയുമായിരുന്ന ഭർത്തൃമാതാവ് കുടുംബത്തെ മുഴുവൻ സ്വയം അടക്കിഭരിക്കണമെന്ന നിർബന്ധക്കാരിയായിരുന്നു. ലഭിക്കുന്ന എല്ലാ സാഹചര്യങ്ങളും ഷാൻ മേരിയെ കുറ്റപ്പെടുത്തുവാനും ക്രൂരമായി ശകാരിക്കുവാനും അവർ വിനിയോഗിച്ചു. അമ്മയുടെ ഇഷ്ടത്തിനു വഴങ്ങി ജീവിച്ചുവന്ന സ്വഭർത്താവിനോട് ഇതിനെക്കുറിച്ചൊന്നും പരാതി പറഞ്ഞിട്ടു കാര്യമില്ലെന്ന് വേഗത്തിൽ ഷാൻ മേരി മനസ്സിലാക്കി. വിവാഹാനന്തരം ഏകദേശം നാലു മാസം കഴിഞ്ഞപ്പോൾ തന്റെ ഭർത്താവ് സന്ധിവീക്കം എന്ന മാറാരോഗം ബാധിച്ച ഒരുവനാണെന്ന പരമാർത്ഥം മാഡം ഗയോൺ മനസ്സിലാക്കി. അദ്ദേഹം കൂടെക്കൂടെ രോഗബാധിതനാവുകയും ദീർഘദിവസങ്ങൾ കിടക്കയിൽ തന്നെ കഴിയേണ്ടിവരികയും ചെയ്തു. ഈ സമയങ്ങളിലെല്ലാം ഭർത്താവ് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവർ മാറാതെ അദ്ദേഹത്തിന്റെ അടുക്കലിരുന്നു ശുശ്രൂഷിച്ചുപോന്നു.

മാഡം ഗയോണിന്റെ യാതനകൾ പൂർത്തിയാക്കുവാനെന്നവണ്ണം അവരെ നോക്കുവാനായി ഒരു പരിചാരികയെയും ഭർത്താവിന്റെ വീട്ടുകാർ നിയമിച്ചു. ഈ പരിചാരിക ഒരു മേലധികാരിണിയെപ്പോലെ ഷാൻ മേരിയോടു പെരുമാറി. അവർ കഥാനായികയെ ധിക്കരിക്കുകയും നിന്ദിക്കുകയും അവരെക്കുറിച്ചുള്ള ഏഷണികൾ അമ്മാവിയമ്മയെ അറിയിക്കുകയും ചെയ്തുപോന്നു. ഇത്രമാത്രം ദുഃഖകരമായ ഒരവസ്ഥയിൽ ഇനി ദൈവം മാത്രമാണ് തനിക്കാശ്രയം എന്ന് മാഡം ഗയോൺ മനസ്സിലാക്കി. യൗവനാരംഭത്തിൽ തന്നെ ബാധിച്ചിരുന്ന സൗന്ദര്യഗർവത്തിലും ലോകസ്നേഹത്തിലും നിന്ന് തന്നെ വിടുവിക്കുവാൻ തന്റെ ശുദ്ധീകരണത്തിനായി ദൈവം തന്ന സാഹചര്യങ്ങളാണ് ഇവയെല്ലാമെന്ന് അവർ മനസ്സിലാക്കി. പ്രാർത്ഥനയിൽ അധികം ദൈവത്തോട് അടുക്കുവാനും ദൈവത്തെ അറിയുവാനും ഇതെല്ലാം അവരെ സഹായിച്ചു.

അക്കാലത്തൊരിക്കൽ മാഡം ഗയോണിന്റെ പിതാവിന്റെ സുഹൃത്തായ ഒരു ഫ്രാൻസിസ്കൻ സന്യാസി തന്റെ സഞ്ചാരത്തിനിടയിൽ പാരീസിൽ വരുവാനിടയായി. ദൈവത്തിനു പ്രസാദകരമായ പ്രാർത്ഥനാജീവിതം നയിക്കുവാനുള്ള തന്റെ ആഗ്രഹം ഇതേവരെ സഫലമായിട്ടില്ലെന്ന സത്യം മാഡം ഗയോൺ അദ്ദേഹത്തെ അറിയിച്ചു. ഉടനെ അദ്ദേഹം ഇപ്രകാരം മറുപടി നൽകി: “മാഡം, നിങ്ങളുടെ ആത്മാവിൽ മാത്രം കണ്ടെത്താൻ കഴിയുന്നവനെ നിങ്ങൾ പുറമേ അന്വേഷിച്ചതുമൂലമാണ് ആ ശ്രമത്തിൽ നിങ്ങൾ പരാജയപ്പെട്ടത്. ദൈവത്തെ നിങ്ങളുടെ ഹൃദയത്തിനുള്ളിൽ അന്വേഷിക്കുക. തീർച്ചയായും അവിടെ നിങ്ങൾ അവിടുത്തെ

കാണും".

ഈ വാക്കുകൾ ചാട്ടുളി പോലെ മാഡം ഗയോണിന്റെ ഹൃദയത്തിൽ തുളച്ചുകയറി. ഉള്ളിൽ ആഴമായൊരു മുറിവേറ്റതു പോലെ അവർക്കു തോന്നി. അനേകവർഷമായി താൻ അന്വേഷിച്ചുകൊണ്ടിരുന്ന എന്തോ ഒന്ന് തന്റെ ഹൃദയത്തിൽ ഉദയം ചെയ്തതായി അവർക്ക് അനുഭവപ്പെട്ടു. 'ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെ ഉണ്ടല്ലോ' എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ അവർ ഓർത്തു. ഈ സംഭവം അവരുടെ ജീവിതത്തിൽ നിർണ്ണായകമായ ഒരു പരിവർത്തനം സൃഷ്ടിച്ചു. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു' (2 കൊരി,.5:17) എന്ന് അപ്പൊസ്തലൻ പറഞ്ഞ അനുഭവമാണ് ഈ സംഭവത്തിലൂടെ മാഡം ഗയോണിനു ലഭിച്ചത്.

12 വർഷവും നാലു മാസവും നീണ്ടുനിന്ന അവരുടെ ദാമ്പത്യജീവിതത്തിൽ നാല് ആൺമക്കളും ഏറ്റവും ഇളയ ഒരു മകളുമുൾപ്പെടെ അഞ്ചു സന്താനങ്ങൾക്ക് അവർ ജന്മം നൽകി. ആൺമക്കളിൽ രണ്ടു പേർ ബാല്യത്തിൽത്തന്നെ രോഗം ബാധിച്ചു മരിച്ചു. രണ്ട് ആൺമക്കളും ഇളയപുത്രിയും മാത്രം ശേഷിച്ചു. 1676-ൽ ഷാൻ മേരിക്ക് 28 വയസ്സുള്ളപ്പോൾ ഭർത്താവ് രോഗബാധിതനായി മരിച്ചു. 28 വയസ്സുള്ള വിധവയായ ആ സാധിക്ക് അമ്മാവിയമ്മ, മൂന്നു മക്കൾ, ഭൃത്യജനങ്ങൾ എന്നിവരടങ്ങിയ കുടുംബത്തിന്റെ സന്ധാരണവും ഭർത്താവിന്റെ ബിസിനസ്സ്, എസ്റ്റേറ്റ് എന്നിവയുടെ ഭരണവും നിർവ്വഹിക്കേണ്ടി വന്നു. ചുറ്റുമുള്ള എല്ലാവരെയും അത്ഭുതപ്പെടുത്തുമാറ് ഈ ഭാരിച്ച ചുമതലകളെല്ലാം ഏറ്റവും പ്രശംസാർഹമായവിധം അവർ നിർവ്വഹിച്ചു.

ഭർത്താവ് മരിച്ചതിന്റെ പിറ്റേ വർഷം പാരീസിലെ തന്റെ കുടുംബ ഭവനം വിട്ടു ഗ്രാമപ്രദേശത്തുള്ള ഒരു ഭവനത്തിലേക്ക് അവർ താമസം മാറ്റി. തന്റെ ജീവിതത്തെപ്പറ്റിയുള്ള ദൈവോദ്ദേശ്യം ഗ്രഹിക്കുന്നതിലേക്ക് ഏകാന്തമായി പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം ലഭിക്കുവാനാണ് അവർ അപ്രകാരം ചെയ്തത്. തന്റെ ജീവിത പരിവർത്തനത്തിന്റെ പന്ത്രണ്ടാം വാർഷികമായ 1680-ൽ യേശുക്രിസ്തുവിന്റെ സേവനത്തിനായി ജീവിതം മുഴുവൻ ഉഴിഞ്ഞുവയ്ക്കുവാനുള്ള തീരുമാനത്തിൽ അവർ ചെന്നെത്തി. ജനീവയിൽ പോയി അവിടെ ദൈവവേല ചെയ്യുവാനുള്ള ഒരു ഉൾവിളിയും ആത്മീയദർശനവും അവർക്കുണ്ടായി. അതിനെപ്പറ്റി ജനീവയിലെ ബിഷപ്പിനെ കണ്ട് അവർ സംസാരിച്ചു. ബിഷപ്പിന്റെ നിർദ്ദേശമനുസരിച്ച് ജനീവയ്ക്കു സമീപം ഫ്രാൻസിന്റെ വടക്കു കിഴക്കേ അതിർത്തിയിൽ ആൽപ്സ് പർവതപ്രാന്തത്തിൽ ബുർഗാൻഡി പ്രവിശ്യയിലുള്ള ജെക്സ് എന്ന സ്ഥലത്തു

**ദാർശനികചിന്ത, ഉന്നതമായ ആത്മീയാനുഭവങ്ങൾ, ഉദാത്തമായ പ്രാർത്ഥനാ ജീവിതം എന്നിവയാൽ അനുഗ്രഹീതയായിരുന്ന മാഡം ഗയോൺ തന്റെ ജീവിതകാലഘട്ടത്തിലും അനന്തരതലമുറകളിലും വിശ്വാസികൾക്ക് ഒരു പ്രചോദന കേന്ദ്രമായിരുന്നു.**

പോയി അവിടെ പ്രവർത്തിക്കുവാൻ അവർ തീരുമാനിച്ചു. ആൺമക്കളെ ഇരുവരെയും ചില രക്ഷാകർത്താക്കളുടെ സംരക്ഷണയിൽ ഏൽപ്പിച്ച ശേഷം ഏറ്റവും ഇളയ മകളുമൊത്ത് അവർ ജെക്സിലേക്കു തിരിച്ചു.

ഇപ്രകാരം ജെക്സിലേക്ക് അവർ പോകുന്നതിനു മുമ്പുതന്നെ മാഡം ഗയോണിന്റെ അമ്മാവിയമ്മയ്ക്കു വലിയൊരു മാനസാന്തരമുണ്ടായി. അവർ തന്റെ തെറ്റുകളെക്കുറിച്ച് കഠിനമായി പശ്ചാത്തപിച്ചു. മാഡം ഗയോണിനോട് സ്നേഹവാത്സല്യങ്ങളോടുകൂടെ പെരുമാറുവാൻ അവർ ആരംഭിച്ചു. ശല്യക്കാരിയായിരുന്ന പരിചാരികയിലും വലിയൊരു മാറ്റം സംഭവിച്ചു. അവർ തന്റെ തെറ്റുകളെല്ലാം മാഡം ഗയോണിനോട് ഏറ്റു പറഞ്ഞു മാപ്പു ചോദിച്ചു. 1681 ജൂലൈ 24-ന് അവർ ജെക്സിൽ ചെന്നെത്തി. അവിടെ നിന്നും 12 മൈൽ ദൂരത്തായിരുന്നു ജനീവാ നഗരം.

ജെക്സിലെ പ്രതികൂലകാലാവസ്ഥയും മോശമായ ഭക്ഷണവും മൂലം മാഡം ഗയോൺ രോഗം ബാധിച്ചു കിടപ്പിലായി. ഈ വിവരം കാണിച്ച് അവർ തന്റെ ഡയറക്ടർ (ആത്മീയ മാർഗദർശി) ആയ ഫാദർ ലാകോംബിനു കത്തെഴുതി. അദ്ദേഹം ദാരിദ്ര്യവ്രതം സ്വീകരിച്ചിരുന്ന ആളായതിനാൽ കുതിരവണ്ടിയിൽ യാത്രചെയ്യാതെ ഒരുരാത്രി മുഴുവൻ നടന്നു ജെക്സിലെത്തി. അദ്ദേഹം അവരുടെ തലയിൽ കൈവച്ചു പ്രാർഥിച്ചതോടെ അവർക്ക് അത്ഭുതരോഗശാന്തി ലഭിച്ചു.

ജെക്സിൽ വന്ന് ഒരു മാസം കഴിഞ്ഞപ്പോൾ സ്വാർഥതത്പരരായ ചില ബന്ധുജനങ്ങളുടെ ആഗ്രഹപ്രകാരം ഒരു വാർഷികവരുമാനം സ്വീകരിച്ചുകൊണ്ട് അവർ തന്റെ എസ്റ്റേറ്റ് മക്കൾക്കായി എഴുതിക്കൊടുത്തു. അതിനെപ്പറ്റി തന്റെ ആത്മകഥയിൽ അവർ ഇപ്രകാരം എഴുതിയിരിക്കുന്നു: "കർത്താവിനുവേണ്ടി സകലവും നഷ്ടമാകുന്നത് എത്ര സന്തോഷകരം! ഈ വിധത്തിൽ സ്വയം ഏറ്റെടുത്ത ദാരിദ്ര്യവ്രതം സ്വസ്ഥതയുടെ ഒരു സാമ്രാജ്യം തന്നെയാണ്".

ലോകത്തിനു നൽകുവാൻ ഒരു സന്ദേശവും സമകാലിക സമൂഹത്തിൽ ഒരു ദൗത്യവും തനിക്കുണ്ടെന്ന് മാഡം ഗയോൺ വിശ്വസിച്ചിരുന്നു. യേശുക്രിസ്തുവിന്റെ പാപപരിഹാരപ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന നീതീകരണത്തെയും ശുദ്ധീകരണത്തെയും കുറിച്ചുള്ള സന്ദേശമാണ് വിശ്വാസികളായ ക്രിസ്ത്യാനികൾക്ക് അവർ നൽകിയത്. വീണ്ടും ജനനം പ്രാപിച്ച വിശ്വാസികൾക്ക് ദൈവം സത്യത്തിന്റെയും വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ആത്മാവായ പരിശുദ്ധാത്മാവിനെ നൽകുമെന്നും അവർ പഠിപ്പിച്ചു. ഈ സന്ദേശം യാഥാസ്ഥിതികരായ മതാധികാരികളുടെ ശക്തമായ എതിർപ്പിനു പാത്രമായി. പോപ്പിന്റെ കൽപനകൾ അനുസരിക്കുകയും സഭയുടെ കർമാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും ചെയ്താൽ മതിയെന്നായിരുന്നു അവരുടെ സിദ്ധാന്തം. ഇതുമൂലം മാഡം ഗയോണിനെ ദുരുപദേശക്കാരിയെന്ന് അവർ മുദ്രയടിച്ചു. അവരിൽ നിന്നുള്ള പീഡനങ്ങൾ അടിക്കടി

വർദ്ധിച്ചുകൊണ്ടിരുന്നു.

സ്വേച്ഛാപ്രമത്തതയുടെ മൂർത്തീഭാവമായ ലൂയി 14-ാമനായിരുന്നു അന്ന് ഫ്രാൻസ് ഭരിച്ചിരുന്നത്. ഫ്രാൻസിനെ പൂർണമായും ഒരു റോമൻ കത്തോലിക്കാരാജ്യമാക്കി നിലനിർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതേസമയം മാഡം ഗയോൺ ജീവിതാന്ത്യംവരെയും കത്തോലിക്കാസഭയുടെ ഒരംഗമായി തുടർന്നുവെങ്കിലും അവരുടെ ജീവിതവും സന്ദേശവും പ്രൊട്ടസ്റ്റന്റ് ആശയഗതിക്കനുകൂലമായിരുന്നു. അവരുടെ സ്വാധീനശക്തിയും ജനപ്രീതിയും ഫ്രാൻസിലും അയൽരാജ്യങ്ങളിലും വർദ്ധിച്ചുകൊണ്ടിരുന്നു. ഇതെല്ലാം സൂക്ഷ്മമായി അവലോകനം ചെയ്തുകൊണ്ടിരുന്ന ലൂയി പതിനാലാമൻ ഒടുവിൽ അവരുടെ മുന്നേറ്റത്തിനെതിരായി എന്തെങ്കിലും ചെയ്തേ മതിയാവൂ എന്നൊരു തീരുമാനത്തിൽ വന്നെത്തി.

അങ്ങനെ 1688 ജനുവരി മാസത്തിൽ അവരെ അറസ്റ്റുചെയ്തു സെന്റ് മേരീസ് കോൺവെന്റിൽ തടവിൽ പാർപ്പിച്ചു. ഇതായിരുന്നു അവരുടെ ആദ്യത്തെ കാരാഗൃഹവാസം. തടവിൽ തനിക്കുലഭിച്ച സമയം വചനധ്യാനത്തിനും പ്രാർത്ഥനയ്ക്കും ക്രിസ്തീയസ്നേഹിതർക്കു കത്തുകൾ എഴുതുന്നതിനുമായി അവർ വിനിയോഗിച്ചു. ഈ കാലത്താണ് തന്റെ ആത്മകഥ എഴുതുവാൻ അവർ ആരംഭിച്ചത്.

സെന്റ്മേരീസ് കോൺവെന്റിൽ തടവിലാക്കപ്പെട്ട് എട്ടു മാസം പൂർത്തിയായപ്പോൾ അപ്രതീക്ഷിതമായി അവർ മോചിക്കപ്പെട്ടു. അവരെ സ്നേഹിക്കുന്ന ഒട്ടനവധി വ്യക്തികൾ ലൂയി പതിന്നാലാമന്റെ ഭാര്യ മാഡം മാന്തേനോയുടെ അടുക്കൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിരുന്നു ആ മോചനം.

മാഡം ഗയോണിന്റെ പേരിലുള്ള ആരോപണങ്ങൾ വിദഗ്ധമായി പരിശോധിച്ച് ഒരു തീരുമാനമെടുക്കുവാൻ പ്രഗല്ഭരായ മൂന്ന് സഭാനേതാക്കന്മാരെ ഒരു കമ്മീഷനായി ലൂയി പതിന്നാലാമൻ നിയമിച്ചു. സഭാകാര്യങ്ങളിൽ ഒരു വിദഗ്ധനെന്നു കരുതപ്പെട്ടിരുന്ന ബിഷപ്പ് ഷായ്ക്ക് ബെനീഞ്ജ് ബോസ്വേ ആയിരുന്നു ഈ കമ്മീഷന്റെ അധ്യക്ഷൻ.

ഏകദേശം ഏഴുമാസത്തെ അന്വേഷണത്തിനു ശേഷം മാഡം ഗയോണിന്റെ കൃതികൾ എല്ലാം ദുരുപദേശങ്ങൾ കലർന്നവയാകയാൽ അവ റോമൻ കത്തോലിക്കാ സഭയ്ക്ക് അസ്വീകാര്യങ്ങളാണെന്ന് അവർ വിധിയെഴുതി.

ഇതിനു ശേഷം മാഡം ഗയോൺ രോഗബാധിതയായി പാരീസിൽ തന്റെ പുത്രിയുടെ ഭവനത്തിൽ പാർക്കുന്ന കാലത്താണ് രാജാജ്ഞപ്രകാരം വീണ്ടും അവരെ അറസ്റ്റുചെയ്തു വാൻസേന്നേ കൊട്ടാരത്തിലുള്ള ജയിലിൽ അടച്ചത്. അവിടെ പാർക്കുന്ന കാലത്ത് ഇടയ്ക്കിടയ്ക്ക് ഒരു ഉദ്യോഗസ്ഥൻ വന്നു മതപരവും ഉപദേശപരവുമായ കാര്യങ്ങളെക്കുറിച്ച് അവരോടു ചോദ്യങ്ങൾ ചോദിച്ചുപോന്നു. അനന്തരം വോഗിറാർഡിലെ ഒരു സന്യാസാശ്രമത്തോടു ചേർന്നുള്ള ജയിലിലേക്ക് അവരെ മാറ്റിപ്പാർപ്പിച്ചു.

**“നിങ്ങളുടെ ആത്മാവിൽ മാത്രം കണ്ടെത്താൻ കഴിയുന്നവനെ നിങ്ങൾ പുറമേ അന്വേഷിച്ചതുമൂലമാണ് ആ ശ്രമത്തിൽ നിങ്ങൾ പരാജയപ്പെട്ടത്. ദൈവത്തെ നിങ്ങളുടെ ഹൃദയത്തിനുള്ളിൽ അന്വേഷിക്കുക. തീർച്ചയായും അവിടെ നിങ്ങൾ അവിടുത്തെ കാണും”.**

മാഡം ഗയോണിന്റെ മിത്രങ്ങളെന്നറിയപ്പെട്ടിരുന്ന എല്ലാ ആളുകൾക്കും കഠിനമായ പീഡനങ്ങൾ ഈ ഘട്ടത്തിൽ നേരിടേണ്ടിവന്നു. അതിൽ പ്രമുഖരായ വ്യക്തികൾ ഫാദർ ലാകോംബും ആർച്ച് ബിഷപ്പ് ഫെനലനും ആയിരുന്നു.

പ്രഭുകുടുംബജാതയും രോഗം ബാധിച്ച് അവശനിലയിലെത്തിയിരുന്നവളുമായ മാഡം ഗയോണിനെ 1698-ൽ അവരുടെ അമ്പതാം വയസ്സിൽ പ്രിയപ്പെട്ട പരിചാരികയോടൊപ്പം വോഗിറാർഡ് ജയിലിൽ നിന്നും ഭീകരമായ ബാസ്റ്റീൽ കാരാഗൃഹത്തിലേക്കു മാറ്റുവാനായിരുന്നു ലൂയി പതിന്നാലാമൻ ആജ്ഞപുറപ്പെടുവിച്ചത്.

സ്വതേ ദുർബലഗാത്രിയായിരുന്ന മാഡം ഗയോൺ ഇവയെല്ലാം സഹിച്ച് നാലു സുദീർഘവർഷങ്ങൾ ആ തടവിൽ ജീവനോടെ കഴിഞ്ഞത് ദൈവകരുണയുടെ ഒരത്ഭുതഫലമെന്നേ പറയാനുള്ളു. കൂടെക്കൂടെ ചില അധികാരികൾ അവരെ സന്ദർശിച്ചുപോന്നു. തങ്ങൾ കാണിച്ചുകൊടുക്കുന്ന കുറ്റസമ്മതപത്രത്തിൽ ഒപ്പിട്ടുകൊടുത്താൽ ഉടൻതന്നെ അവരെ മോചിപ്പിക്കാമെന്ന വാഗാദാനവും ചിലപ്പോൾ അവർ നൽകിയിരുന്നു. മാഡം ഗയോൺ ഒരിക്കലും അതിനു സന്നദ്ധയായില്ല.

നാലു വർഷത്തിനുശേഷം 1702-ൽ അവരുടെ ആരോഗ്യം ഏറ്റവും ആശങ്കാജനകമാകുകയും അവർ മരണത്തിന്റെ വക്കിലെത്തിയെന്നു തോന്നുകയും ചെയ്ത ഘട്ടത്തിൽ അധികാരികൾ അവരുടെ കേസ് പുനർവിചാരണ ചെയ്കയും ചില വ്യവസ്ഥകൾക്കു വിധേയമായി അവരെ മോചിപ്പിക്കയും ചെയ്തു. ദീസ്സിയേ എന്ന സ്ഥലത്തുള്ള തന്റെ പുത്രന്റെ വസതിയിൽ അവർ പാർത്തുകൊള്ളണം, മതപരമായ കാര്യങ്ങളെപ്പറ്റി ആരുമായും ആശയവിനിമയം നടത്തരുത്- ഇവയൊക്കെയായിരുന്നു ആ വ്യവസ്ഥകൾ.

ബാസ്റ്റീലിൽ നിന്നു വിട്ടയച്ച സമയത്ത് അവർക്ക് 55 വയസ്സേ ഉണ്ടായിരുന്നുള്ളുവെങ്കിലും വിളറി വെളുത്തു ജീവച്ഛവം പോലെയായ അവർക്ക് കാഴ്ചയിൽ വളരെയധികം പ്രായം തോന്നിക്കുമായിരുന്നു. മാത്രമല്ല, കൈകാലുകളിൽ വീക്കം, കഠിനമായ ക്ഷീണം, ശരീരം മുഴുവൻ മരവിച്ചപോലെയുള്ള അനുഭവം എന്നിങ്ങനെ പല പ്രയാസങ്ങൾ അവർക്കുണ്ടായിരുന്നു.

1717 ജൂൺ 4-ാം തീയതി തന്റെ 69-ാ മത്തെ വയസ്സിൽ മാഡം ഗയോൺ തന്റെ സ്വർഗീയകാന്തനായ കർത്താവിന്റെ സന്നിധിയിലേക്ക് ഉയർത്തപ്പെട്ടു. ഹാബേലിനെപ്പോലെ മരണശേഷവും മാഡം ഗയോണിന്റെ ആത്മാവ് അനന്തരതലമുറകളോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. ‘ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നുമെന്നേക്കും പ്രകാശിക്കും’ (ദാനി.12:3).

*അവലംബം:*
*പ്രാർത്ഥന*
*(ദൈവത്തെ അറിയുവാൻ ലളിതമാർഗ്ഗം)*
*പ്രസിദ്ധീകരണം- ക്രൈസ്തവ സാഹിത്യസമിതി. തിരുവല്ല.*

# കീഴടങ്ങുന്നതിലൂടെ വിജയം

**സ്റ്റാൻലി ജോൺസ്**

എല്ലാവരും കീഴടങ്ങുന്നവരാണ്. എന്തിനെങ്കിലും അല്ലെങ്കിൽ ആർക്കെങ്കിലും എല്ലാവരും കീഴടങ്ങുന്നു.

ഒന്നുകിൽ കീഴടങ്ങുക; അല്ലെങ്കിൽ കീഴടങ്ങാതിരിക്കുക-ഇങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ല. കാരണം ജനനം മുതൽ മരണം വരെ എല്ലാവരും എന്തിനെങ്കിലും, ആർക്കെങ്കിലും, കീഴടങ്ങിയേ മതിയാകൂ. രണ്ടു കോശങ്ങൾ -ബീജവും അണ്ഡവും-അന്യോന്യം കീഴടങ്ങി ഒരു പുതുജീവൻ ഉണ്ടാകുമ്പോൾ മുതൽ ശരീരം ശവക്കല്ലറയ്ക്കു കീഴടങ്ങുന്നതുവരെ നമ്മെളെല്ലാവരും കീഴടങ്ങുന്നവരാണ്.

ഇതിൽ ചില കീഴടങ്ങലുകൾ ചില സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും മുൻപിലാണ്. നിലനിൽക്കണമെന്നുണ്ടെങ്കിൽ അങ്ങനെയുള്ള കീഴടങ്ങൽ ഉണ്ടായേ മതിയാകൂ. ഉദാഹരണത്തിന് ഒരു കുഞ്ഞു വളരണമെന്നുണ്ടെങ്കിൽ അമ്മയുടെ കരുതലിനും ഭക്ഷണത്തിനും നിദ്രയ്ക്കും മറ്റും കീഴടങ്ങി സാഹചര്യങ്ങളോട് സഹകരിക്കേണ്ടതുണ്ട്. ഇത് അതിജീവനത്തിനുള്ള ഒഴിച്ചുകൂടാനാവാത്ത കീഴടങ്ങലാണ്.

എന്നാൽ മറ്റുള്ള കീഴടങ്ങലുകൾ, നമ്മുടെ ഇഷ്ടാനുസരണം ബോധപൂർവം നടത്തുന്ന കീഴടങ്ങലുകളാണ്. ഇവിടെ നമുക്കു തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഇങ്ങനെ നാം ബോധപൂർവം, നമ്മുടെ ഇഷ്ടാനുസരണം, ചിലതിനു കീഴടങ്ങുമ്പോൾ അതിന്റെ ഫലം നാം അനുഭവിച്ചേ മതിയാകൂ. ഈ ഫലം നമുക്കു തിരഞ്ഞെടുക്കാനാവില്ലെന്നു സാരം.

ചിലർ ജീവിതത്തിൽ ശരിയായ വ്യക്തിക്കു കീഴടങ്ങുകയും ശരിയായ കാര്യങ്ങൾക്കു സ്വയം സമർപ്പിക്കുകയും ചെയ്യും. അവർക്ക് അതിന്റെ ഫലം കിട്ടും. യാഥാർത്ഥ്യം അവരെ പിൻതുണയ്ക്കുന്നതുകാണാം.

എന്നാൽ മറ്റുള്ളവർ ജീവിതത്തിൽ തെറ്റായ വ്യക്തിക്കോ വ്യക്തികൾക്കോ കീഴങ്ങുകയോ തെറ്റായ കാര്യങ്ങൾക്ക് സ്വയം സമർപ്പിക്കുകയോ ചെയ്യുന്നതു കാണാം. അതിന്റെ അനന്തരഫലം അവർ അനുഭവിക്കുന്നു.

ഒരു ഡോക്ടറും ഭാര്യയും ഈ ചോദ്യത്തെ അഭിമുഖീകരിച്ചു- തങ്ങൾ എന്തിനു കീഴടങ്ങണം? ഡോക്ടർക്ക് മറ്റൊരു ബന്ധം ഉണ്ടായിരുന്നതുകൊണ്ട് ഭാര്യ തികഞ്ഞ കയ്പിലും പകയിലും ഭയത്തിലുമായിരുന്നു. ഡോക്ടറാകട്ടെ തനിക്കിഷ്ടമുള്ളതെന്തും ചെയ്യാൻ അവകാശമുണ്ടെന്ന വാദഗതിയിൽ ഉറച്ചുനിന്നു. പ്രശ്നം സങ്കീർണ്ണമായപ്പോൾ ഭാര്യ ഞങ്ങളുടെ ഒരു ആശ്രമത്തിൽ സഹായം തേടിവന്നു. ഞങ്ങൾ അവൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തി. സ്വയത്തെ കർത്താവിനു മുൻപിൽ സമർപ്പിച്ച് അവൾ ക്രിസ്തുവിനെ അറിഞ്ഞു. അതോടെ അവ

**ചിലർ ജീവിതത്തിൽ ശരിയായ വ്യക്തിക്കു കീഴടങ്ങുകയും ശരിയായ കാര്യങ്ങൾക്കു സ്വയം സമർഷിക്കുകയും ചെയ്യും. അവർക്ക് അതിന്റെ ഫലം കിട്ടും. ആർക്കു കീഴടങ്ങുന്നു എന്നതാണു കാര്യങ്ങളെ വ്യത്യസ്തമാക്കിത്തീർക്കുന്നത്.**

ളുടെ കയ്പും പകയും ഭയങ്ങളും ഓടിയൊളിച്ചു. അസാധ്യമെന്നുതോന്നിയ ഒരു പ്രശ്നത്തെയാണ് അവൾ അഭിമുഖീകരിച്ചത്. പക്ഷേ കർത്താവായ യേശുക്രിസ്തുവിനു മുൻപിൽ കീഴടങ്ങിയതോടെ അവൾ തന്റെ പ്രശ്നത്തെ തോൽപിച്ചു ജയാളിയായി. കീഴടങ്ങലിലൂടെ നേടിയ ജയം.

അതേസമയം അവളുടെ ഭർത്താവായ ഡോക്ടർക്ക് ഏതുതരത്തിലുള്ള വിജയമാണുണ്ടായതെന്നു നോക്കാം. ഒരു സ്നേഹിതൻ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ ഡോക്ടർ ഒരു കൈയിൽ വിസ്കിക്കുപ്പിയും മറുകൈയിൽ ഉറക്കഗുളികകളുമായി അങ്ങോട്ടുമിങ്ങോട്ടും ആകെ അസ്വസ്ഥനായി നടക്കുന്നതാണ് കണ്ടത്. നോക്കുക: വിദ്യാസമ്പന്നൻ, ഡോക്ടർ. അദ്ദേഹം എന്തും ചെയ്യാനുള്ള തന്റെ സ്വാതന്ത്ര്യത്തിനുമുമ്പിൽ സ്വയം സമർപ്പിച്ചു. ഫലം മയക്കുമരുന്നിന്റെയും മദ്യത്തിന്റേയും അടിമയായി അവസാനിച്ചു.

ഭർത്താവു സ്വയം ഒരുക്കിയ കുരുക്കിൽ കിടന്നു പിടയുമ്പോൾ ഭാര്യ തന്റെ കുരുക്കുകളിൽനിന്നു സമാധാനത്തിലേക്കും വിജയത്തിലേക്കും സ്വതന്ത്രയായി. ഇവരിൽ ഒരാൾ തന്റെ ശാരീരിക പ്രലോഭനങ്ങൾക്കുമുമ്പിൽ കീഴടങ്ങി. താൻ സ്വയം അതിന്റെ ഒരു ഇരയായി മാറിയതായി പിന്നീടു കണ്ടെത്തി. മറ്റെയാൾ ക്രിസ്തുവിനു കീഴടങ്ങി. താൻ വിജയിയായതായി പിന്നീടു കണ്ടെത്തി. ഉവ്വ്, ആർക്കു കീഴടങ്ങുന്നു എന്നതാണു കാര്യങ്ങളെ വ്യത്യസ്തമാക്കിത്തീർക്കുന്നത്.

ഓഫീസിൽ ജോലിചെയ്തിരുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. പരുഷമായ വാക്കുകളും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന മനോഭാവവും കൈമുതലായുണ്ടായിരുന്ന അവൾ തന്റെ പെരുമാറ്റം കൊണ്ട് എല്ലാവരിലും വെറുപ്പുമാത്രമാണു സൃഷ്ടിച്ചിരുന്നത്. ഓഫീസ് അവളൊരു നരകമാക്കി മാറ്റി. അങ്ങനെയിരിക്കെ, അടുത്തസമയത്തു കർത്താവിനു മുന്നിലുള്ള കീഴടങ്ങലിലൂടെ പുതുജീവിതത്തിലേക്കു വന്നിരുന്ന അവളുടെ ബോസ് ഒരു ദിവസം രാവിലെ അവളെ കണ്ടപ്പോൾ പതിവുപോലെ പ്രഭാതവന്ദനമായി 'ഗുഡ്മോണിങ്' അല്ല പറഞ്ഞത്. മറിച്ച് ഇങ്ങനെ ചോദിച്ചു: "ആ സുവാർത്ത നീ അറിഞ്ഞോ? "എന്താണതെന്ന് അവൾ ചോദിച്ചു "ദൈവം നിന്നെ സ്നേഹിക്കുന്നു" അദ്ദേഹത്തിന്റെ മറുപടി. ആ വാക്കുകൾ അവളെ സ്പർശിച്ചു. അവൾ തനിയെ അല്പനേരം ഇരുന്നു. പിന്നെ അവൾ തന്റെ വാക്കുകളിലേയും പെരുമാറ്റത്തിലേയും കയ്പിനെ അതിലും ആഴത്തിൽ തന്റെ സ്വയത്തിലെ പകയെ യേശുകർത്താവിനു മുന്നിൽ അടിയറവുവച്ചു. അവൾ രൂപാന്തരപ്പെട്ടു. ഇന്ന് അവൾ ആ ഓഫീസിനെ പ്രകാശപൂർണമാക്കുന്ന സ്നേഹമയിയായ ഒരു പുതിയ വ്യക്തിയായി മാറിയിരിക്കുന്നു. കീഴടങ്ങലിലൂടെ വിജയം!

ഒരു ഭാര്യയും ഭർത്താവും. ഇരുവരും തങ്ങളുടെ ഇഷ്ടത്തിനു മാത്രം മുൻതൂക്കം കൊടുത്തു. സ്വന്ത അവകാശം-അതു സ്ഥാപിച്ചെടുക്കാനായിരുന്നു ഇരുവർക്കും വ്യഗ്രത. അന്യോന്യം ഒരു വിട്ടുവീഴ്ചയ്ക്കും അവർ തയ്യാറായിരുന്നില്ല. ഭാര്യയ്ക്ക് രാവിലെ വൈകി ഉണരാനായിരുന്നു

*ശേഷം 14-ാം പേജിൽ*

# അത്യാഗ്രഹം അസൂയ നിഗളം

**ഡി.എൽ. മൂഡി**

**ജ**യകരമായ ഒരു ക്രിസ്തീയ ജീവിതം ലക്ഷ്യം വയ്ക്കുന്ന ഒരുവനാണോ നിങ്ങൾ? എങ്കിൽ ജയജീവിതത്തിന്റെ താഴെപറയുന്ന ആന്തരിക ശത്രുക്കളെ നിങ്ങൾ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.

**അത്യാഗ്രഹം**

അത്യാഗ്രഹം എന്ന പാപമെടുക്കാം. വേദപുസ്തകത്തിൽ മദ്യപാനത്തേക്കാൾ കൂടുതലായി അത്യാഗ്രഹത്തിനെതിരേ പറഞ്ഞിരിക്കുന്നു. എനിക്ക് അതിനെ എന്നിൽ നിന്ന് പുറത്താക്കണം; വേരോടും ശിഖരങ്ങളോടും-അത് എന്നിൽ ആധിപത്യം നേടാൻ അനുവദിച്ചുകൂടാ. മദ്യപനായ മനുഷ്യൻ ഒരു ഭീകരസത്വമാണെന്ന് നാം ചിന്തിക്കുന്നു; എന്നാൽ ഒരു അത്യാഗ്രഹിയായ മനുഷ്യൻ സഭയിൽ സ്വീകരിക്കപ്പെടുകയും ഭരണപരമായ കാര്യങ്ങളിൽ പങ്കാളിയാക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും ഏതൊരു മദ്യപനെയും പോലെ അവനും ദൈവത്തിന്റെ കാഴ്ചയിൽ അധഃപതിച്ച ഒരു ഹീനൻ തന്നെ.

ഈ പാപത്തെ സംബന്ധിച്ച് ഏറ്റവും ആപത്കരമായിരിക്കുന്ന കാര്യം, അതിനെ പൊതുവേ വളരെ നീചമായ ഒന്നായി കണക്കാക്കുന്നില്ല എന്നുള്ളതാണ്. തീർച്ചയായും നമുക്കെല്ലാവർക്കും പിശുക്കന്മാരോട് അവജ്ഞയാണ്; എന്നാൽ എല്ലാ അത്യാഗ്രഹികളും പിശുക്കന്മാരല്ല. ഇതു സംബന്ധിച്ച് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഇതു ചെറുപ്പക്കാരിലേക്കാളേറെ മുതിർന്നവരിൽ പറ്റിപ്പിടിച്ചിരിക്കുന്നു. അത്യാഗ്രഹത്തെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നുവെന്നു നമുക്കു നോക്കാം:

“ആകയാൽ ദുർന്നടപ്പ്, അശുദ്ധി, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ.” (കൊലൊ. 3:5)

“അത്യാഗ്രഹിയായ മനുഷ്യന് ദൈവരാജ്യത്തിൽ അവകാശമില്ല.” (എഫേ. 5:5)

“ധനികരാകുന്നവർ (അതായത്, ആകാനാഗ്രഹിക്കുന്നവർ) പരീക്ഷയിലും കുടുക്കിലും ഭോഷത്തങ്ങളിലും വേദനാപൂർണ്ണമായ ദുർമ്മോഹങ്ങളിലും വീഴും; അത് മനുഷ്യരെ സർവ്വനാശത്തിലേക്ക് താഴ്ത്തിക്കളയും.” (1 തിമോ 6:9)

“പണസ്നേഹം സകലവിധ ദോഷത്തിനും മൂലമല്ലോ; ഇതു ചിലർ കാക്ഷിച്ചിട്ട്, വിശ്വാസം വിട്ടുഴന്നു, ബഹു ദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു.” (1 തിമോ. 5:10)

♠♥♣◆♠♥♣◆

**മദ്യപൻ ഒരു ഭീകരസത്വമാണെന്ന് നാം ചിന്തിക്കുന്നു; എന്നാൽ ഒരു അത്യാഗ്രഹിയായ മനുഷ്യൻ സഭയിൽ സ്വീകരിക്കപ്പെടുകയും ഭരണപരമായ കാര്യങ്ങളിൽ പങ്കാളിയാക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും മദ്യപനെയും പോലെ അവനും ദൈവത്തിന്റെ കാഴ്ചയിൽ ഒരു ഹീനൻ തന്നെ.**

♠♥♣◆♠♥♣◆

അത്യാഗ്രഹം ലോത്തിനെ സോദോമിലേക്കു വശീകരിച്ചു. ആഖാന്റെയും അവന്റെ കുടുംബത്തിന്റെയും നാശത്തിനു അതു കാരണമായി. ബിലെയാമിന്റെ ലംഘനം അതായിരുന്നു. ശമൂവേലിന്റെ പുത്രന്മാരുടെ പാപം അതായിരുന്നു. അത്ഗേഹസിയെ കുഷ്ഠരോഗിയാക്കി മാറ്റി. അത് ധനികനായ യുവഭരണാധിപനെ ദുഃഖിതനാക്കി വിട്ടു. അത് യൂദാസിനെ തന്റെ ഗുരുവും കർത്താവുമായവനെ വിൽക്കുവാൻ പ്രേരിപ്പിച്ചു. അത് അനന്യാസിനെയും സഫീറയെയും മരണത്തിൽ കൊണ്ടെത്തിച്ചു. അത് ഫെലിക്സിന്റെ സ്വഭാവത്തിലെ കറ ആയിരുന്നു. എല്ലാ കാലഘട്ടങ്ങളിലും അതിന് ഇരകളായിത്തീർന്നിട്ടുള്ളവർ എത്രയധികമാണ്!

“ഞാനെങ്ങനെയാണ് അത്യാഗ്രഹത്തെ തടഞ്ഞു നിർത്തേണ്ടത്?” എന്ന് നിങ്ങൾ ചോദിക്കുന്നുവോ?

ശരി, ഇക്കാര്യത്തിൽ എന്തെങ്കിലും പ്രയാസമുണ്ടെന്ന് ഞാൻ ചിന്തിക്കുന്നില്ല. നിങ്ങൾ വളരെ അത്യാഗ്രഹമുള്ളവനും, പിശുക്കനും എല്ലാം നിങ്ങളുടെ സ്വന്തമാക്കിത്തീർക്കാൻ വെമ്പൽകൊള്ളുന്നവനും ആണെങ്കിൽ നിങ്ങൾ കൊടുക്കാൻ തുടങ്ങുക. നിങ്ങളുടെ സ്വഭാവക്രമത്തിൽനിന്ന് അതിനെ നിഗ്രഹിച്ച് അതിനെ ഉപേക്ഷിക്കുമെന്ന് നിങ്ങളുടെ അത്യാഗ്രഹത്തോട് പറയുക.

ന്യൂയോർക്ക് സംസ്ഥാനത്തിലെ ഒരു അറിയപ്പെട്ട പിശുക്കനും വളരെ സ്വാർത്ഥമതിയുമായിരുന്ന ഒരു ധനികനായ കർഷകൻ മാനസാന്തരപ്പെട്ടു. മാനസാന്തരത്തിനുശേഷം പെട്ടെന്ന് ഒരു ദിവസം ഒരു ദരിദ്രനായ മനുഷ്യൻ സഹായം ചോദിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തുവന്നു. അയാൾ വളരെ വിശന്നു പൊരിഞ്ഞിരുന്നു; ഭക്ഷിക്കാൻ ഒന്നുമില്ലായിരുന്നു. മാനസാന്തരപ്പെട്ട ഈ യുവാവ് തന്റെ കലവറയിൽ നിന്ന് അവന് ഉപ്പിട്ടുണക്കിയ നല്ല ഒരു കഷണം പന്നിമാംസം കൊടുക്കാമെന്നു ചിന്തിച്ചു. അവൻ തന്റെ കലവറയിലേക്കു പോകുന്ന വഴിയിൽ പരീക്ഷകനായ പിശാച് പറഞ്ഞു,

**നിങ്ങൾ അസൂയാലുവാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളെ മാത്രമേ മുറിപ്പെടുത്താൻ കഴിയുകയുള്ളു.**



"നിനക്കുള്ളതിൽവച്ച് ഏററവും ചെറുത് അവന് കൊടുക്കുക."

അവൻ അയാൾക്ക് വലുതുകൊടുക്കണോ ചെറുതു കൊടുക്കണോ എന്ന കാര്യത്തിൽ ആകെ പോരാട്ടത്തിലായി. തന്റെ സ്വാർത്ഥതയെ ജയിക്കാനായി ഏറ്റവും വലിയ ഇറച്ചിക്കഷണം തന്നെ അവൻ അയാൾക്ക് എടുത്തു കൊടുത്തു.

ഉടനെ പരീക്ഷകൻ പറഞ്ഞു, "നീ വിഡ്ഢിയാണ്."

എന്നാൽ അവൻ മറുപടി പറഞ്ഞു, "നീ ഇനിയും മിണ്ടാതിരിക്കുന്നില്ലെങ്കിൽ, ഞാനെന്റെ കലവറയിലുള്ള മുഴുവൻ ഇറച്ചിയും അയാൾക്ക് എടുത്തുകൊടുക്കും."

നിങ്ങൾ സ്വാർത്ഥമതികളാണെന്ന് സ്വയം കണ്ടെത്തുകയാണെങ്കിൽ, എന്തെങ്കിലും കൊടുക്കുക. സ്വാർത്ഥതയുടെ ആത്മാവിനെ ജയിക്കാൻ തീരുമാനിക്കുക; നിങ്ങളുടെ ശരീരത്തെ കീഴടക്കുക; എന്തു വിലകൊടുക്കേണ്ടിവന്നാലും സാരമില്ല.

ഒരിക്കൽ മിസ്റ്റർ ഡ്യൂറണ്ട് എന്ന പ്രശസ്ത അഭിഭാഷകൻ തന്റെ ഒരനുഭവം എന്നോടു പറഞ്ഞു. ഞാൻ റബ്ബറിന്റെ പേറ്റന്റ് (കണ്ടുപിടുത്തത്തിന്മേലുള്ള കുത്തകാവകാശം) സംരക്ഷിച്ചു കിട്ടുന്നതിനുവേണ്ടി ഗുഡ്ഇയർ കമ്പനിയുടെ കേസ് വാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതു വിജയിക്കുകയാണെങ്കിൽ ആ പേറ്റന്റിൽ നിന്നും ലഭിക്കുന്ന പണത്തിന്റെ പകുതി തനിക്ക് കിട്ടുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അങ്ങനെ ഒരു സുപ്രഭാതത്തിൽ (കേസ് ജയിച്ചതുമൂലം) താൻ ധനികനായിത്തീർന്നിരിക്കുന്നതായി അദ്ദേഹം കണ്ടു. ആ പണത്തെ തന്റെ യജമാനൻ ആക്കണോ, അല്ലെങ്കിൽ താൻ അതിന്റെ യജമാനൻ ആകണോ; താൻ അതിന്റെ അടിമ ആകണോ അല്ലെങ്കിൽ അതിനെ തന്റെ അടിമയാക്കണോ, എന്ന കാര്യത്തിൽ അന്ന്, തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പോരാട്ടം സംജാതമായി എന്നാണ് അദ്ദേഹം പറഞ്ഞത്. ഒടുവിൽ അദ്ദേഹം വിജയിച്ചു. ആ പണം കൊണ്ടായിരുന്നു വെല്ലസ്ലി കോളജിന്റെ നിർമ്മാണം പൂർത്തിയായത്.

**അസൂയ**

നിങ്ങൾക്ക് ആരോടാണ് അസൂയയുള്ളത്, ആ വ്യക്തിക്ക് നിങ്ങൾ പോയി ഒരു നല്ല കാര്യം ചെയ്തുകൊടുക്കുക. അസൂയയെ സുഖപ്പെടുത്താനുള്ള മാർഗ്ഗം അതാണ്. അങ്ങനെ ചെയ്താൽ നിങ്ങൾക്ക് അസൂയയെ കൊല്ലാം. അസൂയ ഒരു പിശാചാണ്; അത് ഒരു ഭീകരസത്വമാണ്. കവികളുടെ ഭാവനയിൽ, ഇരുണ്ട ഗുഹയിൽ പാർക്കുന്ന അസൂയ, നിറം മങ്ങി മെലിഞ്ഞ്, വക്രദൃഷ്ടിയോടെ, മറ്റുള്ളവരുടെ നിർഭാഗ്യത്തിലൊഴികെ മറ്റൊന്നിലും സന്തോഷിക്കാതെ, തന്നെത്താൻ നിരന്തരം മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഒരു കഴുകനെക്കുറിച്ച് ഒരു കല്പിതകഥയുണ്ട്. ഒരു കഴുകൻ മറ്റൊരു കഴുകനേക്കാൾ ഉയരത്തിൽ പറക്കുമായിരുന്നു. പറക്കാൻ വൈദഗ്ദ്ധ്യമില്ലാത്ത കഴുകന് ഇത് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ആ കഴുകൻ ഒരു വേട്ടക്കാരനെ കണ്ട് അവനോടു പറഞ്ഞു, "ആ ഉയരത്തിൽ പറക്കുന്ന കഴുകനെ നിങ്ങൾ എയ്തു വീഴ്ത്തണമെന്ന് ഞാനാഗ്രഹിക്കുന്നു."

തന്റെ അമ്പിൽ കുറച്ചുതൂവലുകൾ ഉണ്ടെങ്കിലേ അതിനു കഴിയുകയുള്ളൂവെന്ന് വേട്ടക്കാരൻ മറുപടി പറഞ്ഞു. അപ്പോൾ ആ കഴുകൻ തന്റെ ചിറകിൽ നിന്ന് ഒരെണ്ണം പറിച്ചുകൊടുത്തു. അവനെ അമ്പെയ്തു; എന്നാൽ എതിരാളിയായ കഴുകന്റെ അടുത്തെങ്ങും അതെത്തിയില്ല; അതു വളരെ ഉയരത്തിൽ പറക്കുകയായിരുന്നു. അസൂയാലുവായിരുന്ന ആ കഴുകൻ കൂടുതൽ കൂടുതൽ തൂവലുകൾ വേട്ടക്കാരനു പറിച്ചുകൊടുത്തു. അതിനു പറക്കാൻ കഴിയാത്തവിധം

അനേകം തൂവലുകൾ നഷ്ടപ്പെടുന്നതു വരെ അവ കൊത്തി വലിച്ചിട്ടുകൊണ്ടിരുന്നു. അപ്പോൾ ആ വേട്ടക്കാരൻ തിരിഞ്ഞ് അതിനെ അടിച്ചുകൊന്നു. എന്റെ സുഹൃത്തേ, നിങ്ങൾ അസൂയാലുവാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളെ മാത്രമേ മുറിപ്പെടുത്താൻ കഴിയുകയുള്ളു.

പരസ്പരം കയ്പേറിയ ശത്രുത്വം വച്ചു പുലർത്തിയിരുന്ന രണ്ടു വ്യാപാരികളുണ്ടായിരുന്നു. അവരിലൊരാൾ മാനസാന്തരപ്പെട്ടു. അവൻ തന്റെ പാസ്റ്ററോടു ചെന്നു പറഞ്ഞു. "എനിക്കിപ്പോഴും ആ മനുഷ്യനോട് അസൂയയാണ്. എനിക്കതെങ്ങനെ ജയിക്കണമെന്നറിഞ്ഞുകൂടാ."

"ശരി", അദ്ദേഹം പറഞ്ഞു, "ഒരാൾ നിങ്ങളുടെ കടയിൽ സാധനങ്ങൾ വാങ്ങാൻ വരുമ്പോൾ, നിങ്ങൾക്കത് കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ, അവനെ നിങ്ങളുടെ അയൽക്കാരന്റെയടുത്തേക്ക് അയക്കുക."

താൻ അതു ചെയ്യാനിഷ്ടപ്പെടുന്നില്ലെന്ന് അവൻ പറഞ്ഞു.

''ശരി'', പുരോഹിതൻ പറഞ്ഞു, "നിങ്ങൾ അതു ചെയ്യുക, അപ്പോൾ നിങ്ങൾ അസൂയയെ കൊല്ലും."

താൻ അങ്ങനെ ചെയ്യുമെന്നവൻ തീരുമാനിച്ചു. തന്റെ കൈയിൽ ഇല്ലാതിരുന്ന സാധനങ്ങൾക്കായി ഉപഭോക്താക്കൾ തന്നെ സമാപിച്ചപ്പോൾ, മറുവശത്തുള്ള തന്റെ അയൽക്കാരന്റെ കടയിലേക്കു പോകാൻ അവൻ അവരോടു പറയാൻ തുടങ്ങി; ക്രമേണ മറ്റേയാളും തന്റെ ഉപഭോക്താക്കളെ ഈ മനുഷ്യന്റെ കടയിലേക്ക് പറഞ്ഞുവിടാൻ തുടങ്ങി. അങ്ങനെ ആ മുറിവ് സൗഖ്യമായി.

**നിഗളം**

അടുത്തതായി നിഗളമാണ്. ഇത് വേദപുസ്തകം വളരെ ശക്തമായി വിധിക്കുന്ന പാപമാണ്. എന്നാൽ ലോകം ഇതിനെ പാപമായിട്ടേ കണക്കാക്കുന്നില്ല. "ഉന്നത ദൃഷ്ടിയും നിഗളമുള്ള ഹൃദയവും" പാപമാണ്. "ഹൃദയത്തിൽ നിഗളമുള്ള ഏവരും കർത്താവിന് വെറുപ്പാണ്; അവർ ശിക്ഷിക്കപ്പെടാതിരിക്കുകയില്ല." ക്രിസ്തു, നിഗളത്തെ, മനുഷ്യന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന, അവനെ അശുദ്ധമാക്കുന്ന ദുഷിച്ച കാര്യങ്ങളിൽ, ഉൾപ്പെടുത്തി.

ധനികരായിട്ടുള്ളവരാണ് നിഗളികളെന്ന് ആളുകൾക്ക് ഒരു ചിന്താഗതിയുണ്ട്. എന്നാൽ പുറം തെരുവുകളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ നിങ്ങൾക്കു മനസ്സിലാകും വളരെ ദരിദ്രരായ ചിലരും ധനികരെപ്പോലെ നിഗളികളായിട്ടുണ്ടെന്ന്. ഇത് ഹൃദയത്തിന്റെ അവസ്ഥയാണെന്ന് നിങ്ങൾക്കറിയാം. പണമൊന്നുമില്ലാത്ത ആളുകളും അതുള്ളവരെപ്പോലെതന്നെ നിഗളികളായിട്ടുണ്ട്. അതിനെ നമുക്കു തകർക്കേണ്ടതുണ്ട്. അത് ഒരു ശത്രുവാണ്. നിങ്ങളുടെ മുഖത്തെക്കുറിച്ചും നിങ്ങൾ അഹങ്കരിക്കേണ്ട. കാരണം, ശവക്കല്ലറയിൽ വച്ച് പത്ത് ദിവസംകഴിഞ്ഞ് പുഴുവരിക്കാതിരിക്കുന്ന ഒരു ശരീരവുമില്ല. നമുക്ക് നിഗളിക്കാനൊന്നുമില്ല. എന്തെങ്കിലുമുണ്ടോ? നിഗളത്തിൽ നിന്ന് വിടുവിക്കപ്പെടാനായി നമുക്കു ദൈവത്തോടു യാചിക്കാം.

"കർത്താവേ, അതു എന്നിൽ നിന്ന് എടുത്തു മാറ്റണേ", എന്ന് നിങ്ങൾക്ക് കൈയും കെട്ടിനിന്നുകൊണ്ട് പറയാനാവില്ല; എന്നാൽ കർത്താവിനടുത്തു ചെന്ന് തന്നോടു ചേർന്ന് പ്രവർത്തിക്കുക.

താഴ്മ വളർത്തിയെടുത്തുകൊണ്ട് നിങ്ങളുടെ നിഗളത്തെ മരിപ്പിക്കുക.

"ആകയാൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും, വിശുദ്ധരും, പ്രിയരുമായവരേ," പൗലോസ് പറയുന്നു: "ഹൃദയത്തിൽ താഴ്മ ധരിച്ചു കൊൾവിൻ.'' യേശു പറയുന്നു: "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ."

മൊഴിമാറ്റം:
എസ്. സുഭാഷ്
തിരുവനന്തപുരം

## കീഴടങ്ങുന്നതിലൂടെ വിജയം 11-ാം പേജ് തുടർച്ച

താല്പര്യം. അതുകൊണ്ട് പ്രഭാത ഭക്ഷണം ഭർത്താവുണ്ടാക്കണം-ഇതായിരുന്നു അവളുടെ ഡിമാൻഡ്. ഒരു ദിവസം ഭാര്യ ഞങ്ങളുടെ ഒരാശ്രമത്തിൽ വന്നു. കർത്താവിനെ കണ്ടുമുട്ടി. അവിടുത്തെ മുൻപിൽ കീഴടങ്ങി. തുടർന്ന് വീട്ടിലേക്കു മടങ്ങിപ്പോകുന്നതിനു മുൻപ് അവൾ ചോദിച്ചു ''ഞാൻ വീട്ടിൽ ചെന്നാൽ ഇനി എന്താണു ചെയ്യേണ്ടത്?"

വീട്ടിൽചെന്ന് ആദ്യം തന്നെ ഭർത്താവിനോട് കുടുംബജീവിതത്തിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണം താനാണെന്ന് ഏറ്റുപറഞ്ഞ് ക്ഷമ ചേദിക്കുകയാണ് വേണ്ടതെന്ന് ഞങ്ങൾ അവളോടു പറഞ്ഞു.

''ഓ, അത് അസാധ്യമാണ്. കാരണം അതായിരുന്നു ഞങ്ങൾക്കിടയിലുണ്ടായ പ്രശ്നം. കുടുംബജീവിതത്തിലെ സ്വരച്ചേർച്ചയില്ലായ്മയ്ക്കു കാരണം അദ്ദേഹമാണെന്നു ഞാൻ പറയും. അല്ല നീയാണെന്ന് അദ്ദേഹം തിരിച്ചു പറയും."

"ശരി നീ പോയി അതേപ്പറ്റി പ്രാർത്ഥിച്ചുനോക്ക്.'' ഞങ്ങൾ നിർദ്ദേശിച്ചു.

അവൾ സമാധാനത്തോടെ വീട്ടിലേക്കു മടങ്ങി. പിറ്റേന്നു അവൾ പതിവിൽനിന്നു വ്യത്യസ്തമായി രാവിലെതന്നെ എഴുന്നേറ്റു തനിക്കും ഭർത്താവിനും പ്രഭാതഭക്ഷണം ശരിയാക്കിയശേഷം സ്നേഹത്തോടെ ഭർത്താവിനെ ചെന്നു വിളിച്ചുണർത്തി. സത്യത്തിൽ ഈ മാറ്റം ഭർത്താവിനെ അത്ഭുതപ്പെടുത്തി. എന്നാൽ അദ്ദേഹം തന്റെ സ്ഥിരം മട്ടിൽ അവളെ ഈർഷ്യപ്പെടുത്താനായി ചോദിച്ചു. "ഓ, മഹാറാണി എഴുന്നേറ്റോ? ആശ്രമത്തിൽ പോയിട്ട് എന്താ പഠിച്ചത്?"

അതിലെ പരിഹാസം അവൾ ഗൗനിച്ചില്ല. ചോദ്യം കേട്ടയുടനെ അവൾ ഇരുന്നിടത്തുനിന്നു എഴുന്നേറ്റുവന്നു ഭർത്താവിന്റെ കസേരയുടെ അടുക്കൽ മുട്ടുകുത്തി കൈകൾകൂപ്പി " ഞാൻ പഠിച്ചത് വീട്ടിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണം ഞാനാണെന്നാണ്. ദയവായി എന്നോടു പൊറുക്കണം."

പെട്ടെന്ന് ഭർത്താവും എഴുന്നേറ്റു വന്ന് അവളുടെ അടുത്തുവന്നു മുട്ടുകുത്തി അവളോടു കണ്ണീരോടെ പറഞ്ഞു "നീയല്ല നമ്മുടെ കുഴപ്പങ്ങൾക്കു കാരണം- ഞാനാണ്."

അവിടെ അവർ അന്യോന്യം കണ്ടുമുട്ടി; ദൈവത്തേയും. അവർ ഇരുവരും ദൈവത്തിന്റെ മുൻപാകെ കീഴടങ്ങി. പിന്നെ അന്യോന്യം കീഴടങ്ങി. അങ്ങനെ സ്വതന്ത്രരായി.

ഇപ്പോൾ ആ ദമ്പതികൾ അന്യോന്യം കുറ്റപ്പെടുത്തുന്നതിനു പകരം ഒന്നായിതീർന്നിരിക്കുന്നു. ക്രിസ്തുവിനു കീഴടങ്ങുന്നതിലൂടെ കൈവരുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും ഇപ്പോൾ അവർ ഒന്നിച്ചു പുറത്തുപോയി സാക്ഷിക്കുകയും അനേകരെ ഈ വഴിയിലേക്കു നടത്തുകയും ചെയ്യുന്നു. ഇരുവരും വിജയം നേടി- കീഴടങ്ങലിലൂടെ.

ജീവിതത്തിലെ നിർണായകമായ പ്രതിസന്ധിക്കു മുൻപാകെ ഒരിക്കലായി കീഴടങ്ങുന്നതായാലും ശരി ദൈനംദിന പ്രശ്നങ്ങളെ ഒന്നൊന്നായി സമർപ്പിക്കുന്നതായാലും ശരി, വിമോചനത്തിനുള്ള മാർഗ്ഗം ഒന്നേയുള്ളു-വിജയം കീഴടങ്ങലിലൂടെ.

## യേശുക്രിസ്തുവിന്റെ സുവിശേഷം -2

# ക്രൂശിന്റെ സന്ദേശത്തെ ലഘൂകരിക്കരുത്

**ഡേവിഡ് വിൽക്കേഴ്സൺ**

നമ്മൾ യേശുക്രിസ്തുവിന്റെ സഭയിൽ അംഗമാണെങ്കിൽ ജഡത്തിന് ഇടർച്ചയുണ്ടാക്കുന്ന, കുറ്റബോധം നൽകുന്ന, ശക്തമായ സന്ദേശമാണു നാം കേൾക്കാൻ പോകുന്നത്. എന്തുകൊണ്ടാണ് പരിശുദ്ധാത്മാവ് അത്തരം സന്ദേശങ്ങൾ നൽകുന്നത്? കാരണം ജഡത്തിന്റേതായി നമ്മിൽ ഉയരുന്ന ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എന്നിവയ്ക്കെല്ലാം എതിരേ ആത്മാവ് നിലവിളിക്കുകയാണ്. യേശു പറയുന്നു: "ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽനിന്നാണു പുറപ്പെടുന്നത്" (മത്തായി 15:19).

എന്നാൽ യേശുവിന്റെ യഥാർത്ഥ അനുയായിയുടെ ലക്ഷണം അവൻ ക്രിസ്തുവിന്റെ ഓരോ വാക്കിന് മുൻപിലും കീഴ്പ്പെടുന്നു എന്നതാണ്. ഈ ദാസൻ ശാസന ഇഷ്ടപ്പെടുന്നു കാരണം, അത് തന്റെ ഹൃദയത്തിൽ എന്താണു ചെയ്യുന്നതെന്ന് അവനറിയാം. അതുകൊണ്ടുവരുന്ന വ്യത്യാസം അവൻ കാണുന്നു. അത് അവനു നൽകുന്ന ജീവനെക്കുറിച്ച് അവൻ ബോധവാനാണ്.

ഒരു പാപി ദൈവാലയത്തിൽ വരുന്നതിനു കാരണവും ആഴത്തിൽ ഇതു തന്നെയാണ്. ഒരു വലിയസഭയിലെ അംഗങ്ങളിൽ ഒരാളായി തന്നെക്കൂടെ എണ്ണണമെന്ന ആഗ്രഹം മൂലമല്ല അവൻ വരുന്നത്. ദൈവം തന്നെ കണ്ടെത്തണം എന്ന ആഗ്രഹമാണ് അവനെ സഭയിലേക്കു നയിക്കുന്നത്. കാരണം താൻ നഷ്ടപ്പെട്ടവനാണെന്ന് അവന് ഉള്ളിന്റെ ഉള്ളിൽ ബോധ്യമുണ്ട്. അവന്റെ ആത്മാവു സ്വസ്ഥതയില്ല. നീണ്ട, ഉറക്കമില്ലാത്ത ധാരാളം രാത്രികളാണ് അവൻ തള്ളിവിടുന്നത്. താൻ നരകത്തിലേക്കാണു പ്രയാണം ചെയ്യുന്നതെന്നു ബോധ്യമുള്ളതുകൊണ്ട് അവനു ഉത്തരം, യാഥാർത്ഥ്യം, യഥാർത്ഥ രൂപാന്തരം എന്നിവ ആവശ്യമുണ്ട്. അതുകൊണ്ടു തന്നെ തനിക്ക് ഒരു കുഴപ്പവുമില്ലെന്നു പറയുന്ന ഒരു വിശ്വാസിയെയോ ശുശ്രൂഷകനെയോ അല്ല അവനു വേണ്ടത്.

> **ഇന്ന് ഓരോ ശുശ്രൂഷകനും ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു: "എന്റെ സന്ദേശത്തെക്കുറിച്ചു നിങ്ങൾ നാണിച്ചാൽ, അതിനെ മാർദ്ദവപ്പെടുത്താൻ നിങ്ങൾ ശ്രമിച്ചാൽ, നിങ്ങൾ എനിക്ക് ഒരു ഇടർച്ചയായിരിക്കും. അങ്ങനെയെങ്കിൽ നിങ്ങൾ എന്റെ വചനത്തെയോ സഭയെയോ പ്രതിനിധാനം ചെയ്യുന്നില്ല."**

തീർച്ചയായും, ഈ പാപി ക്രിസ്തുവിന്റെ സുവിശേഷം കേൾക്കുമ്പോൾ ഇടറിപ്പോകാം. അവൻ ക്ഷോഭിക്കുകയും പൊട്ടിത്തെറിക്കുകയും ചെയ്തെന്നു വരാം. പക്ഷേ താൻ കേട്ട കാര്യം ഒരിക്കലും അവൻ മറക്കുകയില്ല. അവനു സത്യം വെളിപ്പെടുത്തിക്കൊടുക്കാൻ പരിശുദ്ധാത്മാവ് ആ സന്ദേശത്തെ ഉപയോഗിക്കുകയും ചെയ്യും.

ക്രിസ്തു തന്റെ സഭയുടെ മൂലക്കല്ലാണെന്നു നമുക്കറിയാം. എന്നാൽ ആ മൂലക്കല്ലിനെ പൗലോസ് ഇടർച്ചക്കല്ല് എന്നാണു വിളിക്കുന്നത്: "ഇതാ തട്ടിവീഴുന്ന കല്ലും ഇടർച്ചയ്ക്കുള്ള പാറയും സീയോനിൽ ഞാൻ സ്ഥാപിക്കുന്നു" (റോമർ 9:33). പത്രോസും യേശുവിനെ ഇടർച്ചക്കല്ല് എന്നുവിളിക്കുന്നു: "വിശ്വസിക്കുന്ന നിങ്ങൾക്ക് അത് അഭിമാനമാണ്. വിശ്വസിക്കാത്തവർക്കു പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു. അത് അവർക്ക് തട്ടിവീഴ്ത്തുന്ന കല്ലും ഇടർച്ചയ്ക്കുള്ള പാറയുമായിരിക്കും. എന്തെന്നാൽ വചനത്തെ ധിക്കരിക്കുന്ന അവർ വിധിക്കപ്പെട്ടിരിക്കുന്നതുപോലെ തട്ടിവീഴുന്നു" (1 പത്രോസ് 2:7-8).

ക്രൂശിന്റെ സന്ദേശത്തെ ഒഴിഞ്ഞുകളയുവാൻ ശ്രമിച്ചാൽ എന്താണു സംഭവിക്കുകയെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാൻ കഴിയുന്നതു പത്രോസിനാണ്. തന്റെ മരണത്തെക്കുറിച്ച് യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ പത്രോസ് ഇടറിപ്പോയി. അതുകൊണ്ട് 'പത്രോസ് അവനെ മാറ്റിനിറുത്തി തടസ്സം പറയാൻ തുടങ്ങി: ദൈവം കനിയട്ടെ! കർത്താവേ ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ' (മത്തായി 16:22).

പക്ഷേ യേശു അവനോട് മറുപടിയായി ഈ മൂർച്ചയേറിയ വാക്കുകളാണു പറഞ്ഞത്. യേശു തിരിഞ്ഞ്

പത്രോസിനോടു പറഞ്ഞു "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല. മാനുഷികമാണ്" (16:23).

ഭക്തനും ക്രിസ്തുവിനെ സ്നേഹിക്കുന്നവനുമായ ഒരു ഇടയന്റെ ഉള്ളിൽപോലും ഒരു വ്യാജത്തെ നട്ടു വളർത്തുവാൻ പിശാചിന് എങ്ങനെ കഴിയും എന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്. തന്റെ യജമാനന്റെ കഠിനമായ ഈ വാക്കുകൾ ഒരിക്കലും പത്രോസിന് മറക്കാൻ കഴിഞ്ഞില്ല. ഇതുപോലെ ഇന്ന് ഓരോ ശുശ്രൂഷകനും ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു:" എന്റെ ക്രൂശും എന്റെ രക്തവും നിങ്ങൾക്ക് ഇടർച്ചയായേക്കാം. എന്നാൽ എന്റെ സന്ദേശത്തെക്കുറിച്ചു നിങ്ങൾ നാണിച്ചാൽ, അതിനെ മാർദ്ദവപ്പെടുത്താൻ നിങ്ങൾ ശ്രമിച്ചാൽ, നിങ്ങൾ എനിക്ക് ഒരു ഇടർച്ചയായിരിക്കും. അങ്ങനെയെങ്കിൽ നിങ്ങൾ എന്റെ വചനത്തെയോ സഭയെയോ പ്രതിനിധാനം ചെയ്യുന്നില്ല."

**4. നിങ്ങളുടെ പട്ടണത്തിലോ നഗത്തിലോ യേശു ഒരു സഭ എങ്ങനെ ആരംഭിക്കുമെന്നാണു നിങ്ങൾ ചിന്തിക്കുന്നുത്?**

ക്രിസ്തു ആദ്യം ചെയ്യുന്നതു നിങ്ങളുടെ പട്ടണത്തിൽ ഉടനീളം കണ്ണീരോടെ ഒരു സന്ദർശനം നടത്തുകയായിരിക്കും. തിരുവെഴുത്തു നമ്മോടു പറയുന്നു "അവൻ അടുത്തു വന്നു പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു: സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ അവയിപ്പോൾ നിന്റെ ദൃഷ്ടിയിൽ നിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു" (ലൂക്കോസ് 19:41-42)

എന്താണു യേശുവിനെ കരയാൻ പ്രേരിപ്പിച്ചത്? പട്ടണം മുഴുവൻ അവിടുന്നു ഹൃദയവേദനയോടെ നടത്തിയ യാത്രയാണ് അതിന്റെ തുടക്കം. മതഭക്തരെന്ന് അറിയപ്പെടുന്നവരും അതേസമയം സമാധാനം ഇല്ലാത്തവരുമായ ജനത്തിന്റെ അവസ്ഥ അവിടുന്നു കണ്ടു. അതു തന്റെ ഹൃദയം തകർത്തു. ഈ ജനം കെട്ടുകഥയ്ക്കു വേണ്ടി സത്യത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇപ്പോൾ അവർ ചത്ത ഒരു മതത്തിന്റെ ചട്ടക്കൂടിനെ പിൻതുടരുകയാണ്. യഥാർത്ഥ ഇടയനില്ലാത്ത ഒരു ആട്ടിൻ കൂട്ടമാണവർ.

ഇപ്പോൾ ഏതെങ്കിലും ശുശ്രൂഷകനെ വിധിക്കുവാൻ ഞാനാളല്ല. പക്ഷേ ഈ സന്ദേശം വായിക്കുന്ന ഓരോരുത്തരോടും ഞാൻ ചോദിക്കട്ടെ: നിങ്ങളുടെ സഭാശുശ്രൂഷകൻ നിങ്ങളുടെ പട്ടണത്തെ ചുറ്റിനടന്നു നോക്കി പട്ടണത്തെച്ചൊല്ലി കരയുന്ന ഒരാളാണോ? ഇന്നു സഭ പണിയാനായി പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കുന്നവരിൽ നിന്ന് എത്ര വ്യത്യസ്തനായിരുന്നു യേശു! അതേസമയം ഈ ആളുകൾ ഇന്നു വാതിലുകൾ

> **ഇന്നു സഭ പണിയാനായി പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കുന്നവരിൽ നിന്ന് എത്ര വ്യത്യസ്തനായിരുന്നു യേശു! അതേസമയം ശുശ്രൂഷകന്മാർ ഇന്നു സർവേ നടത്തുകയാണ്: "സഭയിൽ പ്രസംഗം എത്രനേരം വേണമെന്നാണു നിങ്ങൾ ആഗ്രഹിക്കുന്നത്? പതിനഞ്ചുമിനിറ്റ്? പത്തുമിനിറ്റ്?"**

തോറും നടന്നു സർവേ നടത്തുകയാണ്: "സഭയിൽ പ്രസംഗം എത്രനേരം വേണമെന്നാണു നിങ്ങൾ ആഗ്രഹിക്കുന്നത്? പതിനഞ്ചുമിനിറ്റ്? പത്തുമിനിറ്റ്?"

തന്റെ കാലത്ത് ഈ മട്ടിൽ ഒന്നിന് യേശു സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദൈവാലയത്തിലൂടെ നടന്നപ്പോൾ അവിടുന്നു പണം കൈമാറ്റം ചെയ്യുന്നവരുടെ മേശകളെ കണ്ടു. ദൈവികകാര്യങ്ങളെ വാണിജ്യം ചെയ്യുന്ന ശുശ്രൂഷകന്മാരെയാണ് അവിടുന്നു കണ്ടത്. യഥാർത്ഥ പ്രാർത്ഥനയോ യഥാർത്ഥ ദൈവഭയമോ അവിടെ ഇല്ലായിരുന്നു "എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. പക്ഷേ നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു" എന്ന് ക്രിസ്തു അതേച്ചൊല്ലി നിലവിളിക്കുന്നു.

ഞാൻ ചോദിക്കട്ടെ: ഇന്നു നിങ്ങളുടെ സഭയിൽ അവിടുന്നു കാണുന്ന കാര്യങ്ങളെച്ചൊല്ലി യേശു വിലപിക്കുമോ? നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചോർത്തു വിലപിക്കുന്ന ഒരു ഇടയനേയാണോ നിങ്ങളുടെ ശുശ്രൂഷകനിൽ അവിടുന്നു കാണുന്നത്? അതോ ദൈവദൃഷ്ടിയിൽ വിശുദ്ധമായ കാര്യങ്ങളിൽ നിന്നു പ്രയോജനം ഉണ്ടാക്കുന്നവനായിട്ടാണോ അവൻ കാണപ്പെടുന്നത്? സഭാംഗങ്ങളെയും പ്രാർത്ഥിക്കുന്നവരായി കർത്താവു കണ്ടെത്തുമോ? അതോ തങ്ങളുടെ താത്പര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പരിപാടികളും തിരക്കുമായി മുന്നോട്ടുപോകുന്നവരായി അവരെ അവിടുന്നു കണ്ടെത്തുമോ?

നിങ്ങളുടെ പട്ടണത്തിലൂടെ കരഞ്ഞുകൊണ്ടുള്ള യാത്ര അവസാനിപ്പിച്ചശേഷം യേശു തന്റെ ജനത്തെ അഭിനന്ദിക്കുമോ? അതോ ഈ മുന്നറിയിപ്പായിരിക്കുമോ അവിടുത്തേക്കു നൽകുവാനുണ്ടാവുക? "ഈ കാലത്തെക്കുറിച്ചു നിങ്ങൾ അന്ധരാണ്. ന്യായവിധി വാതില്ക്കലായിരിക്കുമ്പോഴും നിങ്ങൾ ഈ ലോകത്തോടു കൂടുതൽ അനുരൂപപ്പെട്ടിരിക്കുകയാണ്. നിങ്ങൾ എന്തുകൊണ്ടാണ് പ്രാർത്ഥിക്കാതിരിക്കുന്നത്? ഈ സമയത്തെ വീണ്ടെടുക്കാനുള്ള ശക്തിക്കായും പരിജ്ഞാനത്തിനായും നിങ്ങൾ എന്നെ അന്വേഷിക്കാത്തതെന്താണ്?"

തന്റെ സന്ദേശത്തെ ലഘൂകരിക്കാൻ ദൈവം നമ്മെ ഒരിക്കലും അനുവദിക്കുകയില്ല. യേശുക്രിസ്തുവിന്റെ യഥാർത്ഥ സുവിശേഷം വെള്ളം ചേർക്കാതെ പ്രസംഗിക്കുന്ന ഒരു ശുശ്രൂഷകനാണു നിങ്ങൾക്കുള്ളതെങ്കിൽ, ഞാൻ ഉത്സാഹിപ്പിക്കുന്നു, ദയവുചെയ്ത് അദ്ദേഹത്തെ ധൈര്യപ്പെടുത്തുക. അദ്ദേഹത്തെ ഓർത്തു പ്രാർത്ഥിക്കുക. ആൾക്കൂട്ടത്തെ വശീകരിക്കുന്ന പോപ്പുലർ പ്രസംഗകരെ നിങ്ങളുടെ ഇടയൻ ആശ്രയിക്കുന്നില്ല. അതോർത്ത് ദൈവത്തെ സ്തുതിക്കുക.

നിങ്ങളുടെ മധ്യത്തിൽ യഥാർത്ഥ പ്രവൃത്തിചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഉണ്ടെന്നതിൽ നന്ദിയുള്ളവരായിരിക്കുക. യേശുക്രിസ്തുവിന്റെ സുവിശേഷം ഉറപ്പോടെ പ്രസംഗിക്കുന്നിടത്ത് സ്വർഗ്ഗം തുറക്കും. പിശാചുക്കൾ അവിടംവിട്ട് ഓടിപ്പോകും.

*കടപ്പാട്: വേൾഡ് ചലഞ്ച്*

പഠനം

## ആത്മീയ നേതാവ് -6

# കീഴടങ്ങലിലൂടെ നുറുക്കം

ആത്മീയ നേതാവ് നുറുക്കമുള്ള ഒരു വ്യക്തിയായിരിക്കണം.

ആദ്യനാളുകളിൽ നമ്മെ നറുക്കുവാൻ തക്കവണ്ണം ദൈവം ചില അധികാരികളെ നമ്മുടെ മേൽ ആക്കിവക്കും. അവർക്കു നാം കീഴടങ്ങേണ്ടതുണ്ട്. മുപ്പതാം വയസ്സിൽ ദൈവം തനിക്ക് ഒരു പരസ്യശുശ്രൂഷ നൽകും വരെ യേശുവിനു പോലും തന്റെ മാതാപിതാക്കളായിരുന്ന ജോസഫിനും മറിയയ്ക്കും കീഴടങ്ങിയിരിക്കേണ്ടതുണ്ടായിരുന്നു.

ഈ കീഴടങ്ങൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു സുപ്രധാനനിയമമാണ്. അതു മനുഷ്യശരീരത്തിലെ അവയവങ്ങളിൽ പ്രവർത്തിക്കുന്ന നിയമത്തിനു സദൃശമായുള്ളതാണ്. ഉദാഹരണത്തിന് വലതു കൈപ്പത്തി വലതു കൈയുടെ ഒരു ഭാഗം മാത്രമാണ്. കൈപ്പത്തി കൈയുടെ നേതൃത്വത്തിനു വിധേയപ്പെട്ടിരിക്കുന്നു. എന്നാൽ ഇടതു കൈപ്പത്തി വലതു കൈയുടെ ഭാഗമോ അതിന്റെ നേതൃത്വത്തിൻ കീഴിലോ അല്ല. അതു ഇടതുകൈയുടെ ഭാഗം മാത്രമാണ്. അതു ഇടതു കൈയുടെ അധികാരത്തിനു കീഴടങ്ങിയിരിക്കുന്നു. ഇപ്രകാരം ക്രിസ്തുവിന്റെ ശരീരത്തിലും ചില വ്യക്തികളെ തമ്മിൽ ചേർത്ത് ഒരു അവയവം പോലെ പ്രവർത്തിക്കുവാൻ ദൈവം നിയോഗിക്കുന്നു. (ഒരു പ്രാദേശിക സഭയോ കുറച്ചു പ്രവർത്തകരുടെ ഒരു സംഘമോ ആയി)

ഒരു വ്യക്തിയുടെ ജീവിതത്തിൽ രണ്ടു തരത്തിലുള്ള മാർഗ്ഗദർശനം ദൈവം നൽകാറുണ്ട്. വ്യക്തിപരമായതും സംഘപരമായതും.

ഒരു ശരീരത്തിൽ ചിലപ്പോൾ വലതുകൈപ്പത്തിയെ മാത്രം ചലിപ്പിച്ചു കൊണ്ടു ചില ജോലികൾ തല ചെയ്യിക്കാറുണ്ട്. ഈ സമയം വലതു കൈമൊത്തത്തിൽ അനങ്ങാറില്ല. അതു വ്യക്തിപരമായി നിർവ്വഹിക്കുവാൻ വേണ്ടി തല നൽകുന്ന പ്രത്യേക നിർദ്ദേശമാണ്. ഇപ്രകാരം നമ്മുടെ വ്യക്തി ജീവിതസംബന്ധിയായ പ്രത്യേക കാര്യങ്ങൾ, ഉദാഹരണത്തിന് വിവാഹം, ജോലി, ഒരു താമസസ്ഥലം തിരഞ്ഞെടുക്കുന്നത് മുതലായവയ്ക്ക് നമ്മുടെ ശിരസ്സായ ക്രിസ്തുവിൽ നിന്നുമാത്രം ഒരു വ്യക്തിമാർഗ്ഗനിർദ്ദേശം സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ മറ്റുള്ളവരിൽ നിന്നും നമുക്ക് അഭിപ്രായങ്ങൾ സ്വീകരിക്കാം. പക്ഷേ തീരുമാനത്തിലെത്താൻ വേണ്ട മാർഗ്ഗനിർദ്ദേശം കർത്താവിൽ നിന്നു തന്നെ ആയിരിക്കട്ടെ.

**നുറുക്കപ്പെടാത്ത ഒരു വ്യക്തിയുടെ കൈയിൽ അധികാരം നൽകുക അപകടകരമാണ്. മറ്റുള്ളവരെയും തങ്ങളെത്തന്നെയും നാശത്തിലേക്കു നയിക്കുന്ന തരത്തിൽ ആയിരിക്കും അത്തരം വ്യക്തികൾ അധികാരം കൈയാളുക.**

സാക്പുന്നൻ

എന്നാൽ വലതുകൈയോടു ചലിക്കുവാൻ തല ആവശ്യപ്പെടുന്ന സമയത്ത് വലതു കൈപ്പത്തിയും തനിക്കു വേണ്ടി ഒരു പ്രത്യേക നിർദ്ദേശത്തിനു കാത്തുനില്ക്കാതെ കൈയോടൊപ്പം തന്നെ ചലിക്കുന്നു. നിർദ്ദേശം സംഘടിതമായി സ്വീകരിക്കുന്നതും അനുസരിക്കുന്നതും അത്തരത്തിലാണ്. തനിക്കു വ്യക്തിപരമായി നിർദ്ദേശം ലഭിച്ചില്ല എന്ന കാരണത്താൽ വലതു കൈപ്പത്തിക്ക് ഒരിക്കലും വലതു കൈയുടെ ചലനത്തിൽ നിന്നൊഴിയാൻ കഴിയില്ല.

സംഘപരമായ കാര്യങ്ങളിൽ വ്യക്തിഗത നിർദ്ദേശങ്ങൾക്കു പ്രസക്തിയില്ല. താങ്കൾ ക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവമെങ്കിൽ നേതൃത്വത്തിനു ദൈവം നൽകുന്ന നിർദ്ദേശങ്ങൾക്കു വിധേയപ്പെടുക മാത്രമായിരിക്കും താങ്കൾ ചെയ്യേണ്ടത്. ഒരു ശരീരത്തിലെ അവയവം പോലെ ചേർന്നു നിന്നു പ്രവർത്തിക്കുന്ന ഒരു ടീമിന്റെ കൃത്യനിർവ്വഹണത്തെക്കുറിച്ചാണ് ഞാനിക്കാര്യം പറഞ്ഞത്, വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചല്ല. താങ്കളെ ഇത്തരം ഒരു ടീമിനോടു ദൈവം ചേർത്തിരിക്കുന്നുവെങ്കിൽ അതിന്റെ നേതൃത്വത്തോടു ചേർന്നു നടക്കുവാൻ താങ്കൾ ബാദ്ധ്യസ്ഥനാണ്.

ഉദാഹരണത്തിന് അപ്പൊ .പ്രവൃത്തി 16:9 ൽ പൗലോസ് ത്രോവാസിലായിരിക്കുമ്പോൾ, ഒരു ദർശനത്തിൽ "മക്കദോന്യയിലേക്കു വന്നു തങ്ങളെ സഹായിക്കാ"നാവശ്യപ്പെടുന്ന ഒരു വ്യക്തിയെ കണ്ടു. ഈ ദർശനം കണ്ടത് പൗലോസ് മാത്രമാണെന്നു 9-ാം വാക്യത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. എന്നാൽ സംഘത്തിലുള്ളവർക്ക് മക്കദോന്യയിൽ വചനം പ്രസംഗിക്കുവാൻ ദൈവം തങ്ങളെ നിയോഗിച്ചിരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ട് സംഘം മുഴുവനും യാത്രയാകുന്നു. (വാക്യം 10) എന്തുകൊണ്ടാണു ഒരാൾക്കു മാത്രം ദർശനത്തിലൂടെ ലഭിച്ച ഒരു സന്ദേശത്തെ തങ്ങൾക്കു കൂടിയുള്ളതാണെന്ന് ആ സംഘാംഗങ്ങൾക്ക് ബോദ്ധ്യപ്പെട്ടത്? തങ്ങളുടെ സംഘനേതാവായ പൗലോസിൽ അവർക്കു പൂർണ്ണവിശ്വാസമുണ്ടായിരുന്നതുകൊണ്ട്. സംഘബന്ധിയായ കാര്യങ്ങളിൽ ദൈവം നിർദേശങ്ങൾ നല്കിയിരുന്നതു നേതാവിനു മാത്രമായിരുന്നു- അംഗങ്ങൾക്കു വ്യക്തിഗതമായിട്ടായിരുന്നില്ല.

താങ്കൾക്കു നേതാവിൽ വിശ്വാസമില്ല എങ്കിൽ ആ സഭയിൽനിന്നും,

താങ്കൾ ഉടൻ തന്നെ മാറുക. ഒരിക്കലും ആ സഭയ്ക്കുള്ളിൽ, സംഘത്തിനുള്ളിൽ നിന്ന് ഒരു മത്സരമുണ്ടാക്കരുത്. നേതൃത്വത്തിനെതിരെ മത്സരിക്കുന്ന മത്സരികളെ ഒരിക്കലും ദൈവം അനുഗ്രഹിക്കുന്നില്ല. ആ നേതൃത്വം ഒരു അബദ്ധമാണെങ്കിൽക്കൂടി. അവിടെ തുടരാതെ മറ്റൊന്നിലേക്കുമാറുന്നതാണുത്തമം.

ദൈവത്താൽ നിയോഗിക്കപ്പെട്ട ആത്മീയനേതാക്കളെയും മനുഷ്യർ ആക്കിവയ്ക്കുന്ന സഭാഭരണകർത്താക്കളെയും നാം തിരിച്ചറിയേണ്ടതുണ്ട്. ആത്മീയ നേതാക്കന്മാരെ ദൈവം തന്നെ നിയോഗിക്കുകയാണ് ചെയ്യുന്നത്. അവർ സഭാ ഭരണകർത്താക്കളെപ്പോലെ തങ്ങളുടെ അധികാരം മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നില്ല. മറ്റുള്ളവർ സ്വമേധയാ തങ്ങളുടെ അധികാരം അംഗീകരിക്കുന്നതുവരെ കാത്തിരിക്കുക മാത്രമേ ചെയ്യുന്നുള്ളു. വിശ്വാസികൾ അങ്ങനെയുള്ളവരുടെ മേലുള്ള ദൈവത്തിന്റെ അഭിഷേകം തിരിച്ചറിയുകയും അവർക്ക് സ്വമേധയാ കീഴ്പ്പെട്ടിരിക്കുകയുമാണു ചെയ്യുന്നത്. അപ്രകാരം മറ്റുള്ളവരുടെ വിശ്വാസം ആർജ്ജിച്ചെടുത്ത ഒരു വ്യക്തിയായിരിക്കും ഒരു ആത്മീയ നേതാവ്.

ഒരു ദൈവമനുഷ്യനു കീഴ്പ്പെട്ടിരിക്കുന്നതിലൂടെ ഒരുപാടു ഭോഷത്തങ്ങളെ ഒഴിവാക്കുവാനും ധാരാളം ജ്ഞാനം പ്രാപിക്കുവാനും നമുക്കു കഴിയും. മറ്റുള്ളവർ മുൻകൂട്ടികണ്ടിട്ടില്ലാത്തതും താൻ അഭിമുഖീകരിച്ചിട്ടുള്ളതുമായ പല അപകടങ്ങളെക്കുറിച്ച് അവരെ മുന്നറിയിക്കുവാൻ അദ്ദേഹത്തിനു കഴിയും. അപ്രകാരം മാതാപിതാക്കളോടൊപ്പം കഴിയുന്ന കുട്ടികളെപ്പോലെ സുരക്ഷിതരായിരിപ്പാൻ അങ്ങനെയുള്ളവർക്ക് കഴിയും.

ദൈവം നിഗളികളോടു എതിർത്ത് നിൽക്കയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്ന ദൈവമായിരിക്കകൊണ്ടു 'ഇളയവരേ മൂപ്പന്മാർക്ക് കീഴടങ്ങുവിൻ' എന്നു 1 പത്രൊ,.5:5 ൽ പ്രബോധിപ്പിക്കുന്നു. ആത്മീയാധികാരം പ്രാപിക്കുന്നതിനുള്ള വലിയ ഒരു രഹസ്യമത്രേ ഇത്. തങ്ങളുടെ ജീവിതകാലത്തൊരക്കലും മറ്റൊരാൾക്ക് കീഴടങ്ങിയിരിപ്പാൻ പഠിച്ചിട്ടില്ലാത്തതുകൊണ്ട് ആത്മീയാധികാരം ദൈവത്തിൽ നിന്നു പ്രാപിച്ചിട്ടില്ലാത്ത പല നല്ല സഹോദരന്മാരെയും എനിക്കറിയാം. അവരുടെ ശക്തമായ ഇച്ഛ ഒരിക്കലും നുറുക്കപ്പെട്ടിട്ടില്ല.

നുറുക്കപ്പെടാത്ത ഒരു വ്യക്തിയുടെ കൈയിൽ അധികാരം നൽകുക അപകടകരമാണ്. മറ്റുള്ളവരെയും തങ്ങളെത്തന്നെയും നാശത്തിലേക്കു നയിക്കുന്ന തരത്തിൽ ആയിരിക്കും അത്തരം വ്യക്തികൾ അധികാരം കൈയാളുക. നമ്മുടെ അഹന്തയുടെ ശക്തിയെ നുറുക്കിക്കൊണ്ടു മാത്രമേ ദൈവം ആത്മീയാധികാരം നമ്മുടെ കൈയിൽ ഭരമേൽപ്പിക്കൂ.

**അവസാനമായി പരസ്യമായ ശാസനകൾ സന്തോഷത്തോടെ താങ്കൾ ഏറ്റുവാങ്ങിയതെപ്പോഴാണ്? ജീവിതത്തിലൊരിക്കലെങ്കിലും അങ്ങനെ സംഭവിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, താങ്കൾക്ക് ആത്മീയാധികാരം ഇല്ലാത്തതിന്റെ കാരണം മറ്റെങ്ങും അന്വേഷിക്കേണ്ടാ.**

നുറുക്കപ്പെട്ട ഒരു വ്യക്തിക്കു മാത്രമേ സ്വഭവനത്തിൽപ്പോലും പിതാവെന്നോ ഭർത്താവെന്നോ ഉള്ള നിലയിൽ അധികാരം ദൈവികമായി വിനിയോഗിക്കാൻ കഴിയൂ. നിങ്ങളുടെ ഭാര്യയും കുഞ്ഞുങ്ങളും നിങ്ങൾക്ക് കീഴടങ്ങിയിരിക്കണമെങ്കിൽ നിങ്ങളും മറ്റുള്ളവർക്കു കീഴടങ്ങിയിരിക്കുവാൻ പഠിച്ച ഒരു വ്യക്തിയായിരിക്കണം. അങ്ങനെ എങ്കിൽ ദൈവം നിങ്ങളെ സഹായിക്കും.

എന്റെ സ്വന്തം ജീവിതാനുഭവങ്ങൾ ചുരുക്കത്തിൽ പങ്കുവക്കട്ടെ: ഇരുപതും മുപ്പതും വയസ്സിനിടയിൽ ഒന്നിലധികം സഭകളിൽ വച്ച് എന്റെ ശുശ്രൂഷയോടുള്ള അസൂയകാരണമായി അവിടുത്തെ ശുശ്രൂഷകന്മാരാൽ പരസ്യമായി അപമാനിക്കപ്പെടുകയും തള്ളിപ്പുറത്താക്കപ്പെടുകയും ചെയ്യുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുവാൻ ദൈവം എന്നെ അനുവദിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം നിശ്ശബ്ദമായിരിക്കുവാനും അവർക്കു കീഴടങ്ങിയിരിപ്പാനും അവരെ ചോദ്യം ചെയ്യാതിരിക്കാനും ദൈവം എന്നോടു പറഞ്ഞു. ഞാൻ അങ്ങനെ ചെയ്തു. അവിടെ ആയിരിക്കുമ്പോഴും അവിടെ നിന്നു പുറത്തു പോന്നതിനു ശേഷവും അവരുമായി നല്ല ബന്ധം പുലർത്തുകയും ചെയ്തു.

ആ സമയങ്ങളിലൊന്നും തന്നെ ഭാവിയിൽ ദൈവം എന്നെ ഭരമേൽപ്പിക്കാനിരിക്കുന്ന ശുശ്രൂഷയെക്കുറിച്ചൊന്നും എനിക്കു യാതൊന്നും അറിഞ്ഞുകൂടായിരുന്നു. എന്നാൽ എന്നെ ചില വർഷങ്ങളിലൂടെ നിരന്തരം നുറുക്കികൊണ്ട് ആത്മീയാധികാരം വിനിയോഗിക്കാൻ തക്കവണ്ണം ദൈവം എന്നെ ഒരുക്കിയെടുക്കുകയായിരുന്നു. എന്നെ വീണ്ടും വീണ്ടും തകർക്കുകയും മറ്റുള്ളവർ എന്നോടു ചെയ്യുന്ന സകല പ്രവൃത്തിയുടെയും നിയന്ത്രണം തന്റെ കരങ്ങളിലാണെന്ന് ദൈവം എന്നെ ഗ്രഹിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി ചില വർഷങ്ങൾക്കു ശേഷം അധികാരം ദൈവം എന്റെ കരങ്ങളിൽ വച്ചു തന്നപ്പോഴും കരുണയോടെയല്ലാതെ ഒരു ഏകാധിപതിയെപ്പോലെ അതു വിനിയോഗിക്കുവാൻ എനിക്കു കഴിഞ്ഞില്ല.

എന്നാൽ അവിടം കൊണ്ടും ദൈവം കാര്യങ്ങളെ അവസാനിപ്പിച്ചില്ല. മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത പുതിയ ശോധനകൾ എന്റെ ജീവിതത്തിൽ ആഞ്ഞടിക്കുവാൻ തുടങ്ങി. ഇതിലും അവിടുത്തെ ഉദ്ദേശ്യം ഒന്നു മാത്രമായിരുന്നു- കൂടുതൽ വിപുലമായ അധികാരവും തന്റെ ജീവനും എന്നെ ഭരമേൽപ്പിക്കുക. നേതൃത്വത്താൽ ലഭിക്കുന്ന ശാസനകളും തെറ്റുതിരുത്തലുകളും ദൈവം നമ്മുടെ ശക്തിയെയും സ്വയബലത്തെയും നുറുക്കുന്നതിന്റെ ഭാഗമാണ്. തെറ്റുതിരുത്തൽ മിക്കവാറും എല്ലാ വിശ്വാസികൾക്കും വളരെ പ്രയാസകരമാണ്. രണ്ടു വയസ്സുള്ള ഒരു കുട്ടിക്കുപോലും അതു വളരെ വേദനാജനകമാണ്. പ്രത്യേകിച്ചും പരസ്യമായ ശാസനകൾ.

അവസാനമായി പരസ്യമായ ശാസനകൾ സന്തോഷത്തോടെ താങ്കൾ ഏറ്റുവാങ്ങിയതെപ്പോഴാണ്? ജീവിതത്തിലൊരിക്കലെങ്കിലും അങ്ങനെ സംഭവിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, താങ്കൾക്ക് ആത്മീയാധികാരം ഇല്ലാത്തതിന്റെ കാരണം മറ്റെങ്ങും അന്വേഷിക്കേണ്ടാ. കർത്താവിൽ താങ്കളുടെ മേൽ അധികാരമുള്ള ഒരു വ്യക്തി പരുഷമായ വാക്കുകളിൽ താങ്കളെ ശാസിച്ചുവെന്നാലും സാരമില്ല. താങ്കളെ

ശാസിക്കുവാനേൽപ്പിച്ച കർത്താവിന്റെ കരങ്ങൾക്കു കീഴിൽ താണിരിക്കുക- താങ്കൾ തെറ്റൊന്നും ചെയ്തിട്ടില്ലെ ങ്കിൽക്കൂടി.

യേശുവും തന്റെ ശത്രുക്കളാൽ പരസ്യമായി അപമാനിതനാവുകയും തെറ്റായ ആരോപണങ്ങൾക്കു വിധേയനാവുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് ഒരിക്കലും പരാതിപറഞ്ഞിട്ടില്ല. അതു നമുക്കു പിന്തുടരാവാൻ ഒരു മാതൃക തന്നെയാണ്.

ഒരു ശത്രുവിനെ ചില ആരോപണങ്ങളുമായി വരുവാൻ ദൈവം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിലെന്തെങ്കിലും സത്യമുണ്ടോ എന്നന്വേഷിക്കുക. അത്രമാത്രമേ ആവശ്യമുള്ളു. അയാൾ താങ്കൾക്കു തികച്ചും സൗജന്യമായ ഒരു ആത്മപരിശോധന നൽകുകയായിരുന്നു എന്നു കരുതുക. സ്കാനിങ്ങിനുപയോഗിച്ച രീതിയോ അതിന്റെ പിന്നിലെ ഉദ്യേശ്യമോ ഒന്നും അന്വേഷിക്കേണ്ട കാര്യമില്ല. താങ്കളുടെ ജീവിതത്തിൽ ക്രിസ്തുജീവനു വിരുദ്ധമായ എന്തെങ്കിലും ഉണ്ടായിരുന്നോ എന്നു കണ്ടെത്തുവാൻ അതിനെ ഉപയോഗിക്കുക.

എന്റെ ശുശ്രൂഷയിൽ ധാരാളം വിമർശനം ഏൽക്കേണ്ടി വന്നിട്ടുണ്ട്. കർത്താവിന്റെ യഥാർത്ഥ ശുശ്രൂഷകന്മാർക്ക് തെറ്റായ തരത്തിലുള്ള ധാരാളം വിമർശനവും ആരോപണവും സഹിക്കേണ്ടി വരുമെന്ന് എനിക്കറിയാം. 'അതിലെന്തെങ്കിലും സത്യമുണ്ടെങ്കിൽ കാണിച്ചു തരണേ' എന്നു മാത്രമേ ഞാൻ കർത്താവിനോടു പ്രാർത്ഥിക്കാറുള്ളു. നമ്മുടെ സ്നേഹിതർ നമ്മോടു പറയാത്ത നിരവധി സത്യങ്ങൾ നമ്മുടെ ശത്രുക്കൾക്കു നമ്മോടു പറയാൻ കഴിയും. അതുകൊണ്ട് എല്ലാ വിമർശനങ്ങളും തെറ്റാണെന്ന് എഴുതിത്തള്ളരുത്.

എന്റെ മുഖത്ത് ഒരു കറുത്ത പാടുണ്ടെന്ന് എന്റെ ശത്രു പറഞ്ഞാൽ ഞാൻ അയാളോടു നന്ദിയുള്ളവനായിരിക്കണം. കാരണം എനിക്കു കാണാൻ കഴിയാത്ത ഒരു കാര്യമാണ് അയാൾ കാട്ടിത്തന്നത്. അതു മൂലം ആ കറ കഴുകിക്കളയുവാൻ എനിക്കു കഴിയുന്നു. എന്നെ അപമാനിക്കാനും താഴ്ത്തിക്കെട്ടാനുമായിട്ടായിരിക്കാം അയാൾ അതു ചെയ്തത്. പക്ഷേ എനിക്ക് സ്വയം കാണുവാനും കഴുകുവാനും അത് എന്നെ സഹായിച്ചു.

ഇതായിരുന്നു പത്രോസും ഇസ്കര്യോത്താ യൂദായും തമ്മിലുണ്ടായിരുന്ന പ്രധാന വ്യത്യാസം. ക്രൂശ് ഒഴിവാക്കുവാൻ പത്രോസ് യേശുവിനെ മൗഢ്യമായി ഉപദേശിച്ചപ്പോൾ യേശു അവനെ "സാത്താനേ, എന്റെ പിറകിൽ പോക"എന്നു ശാസിച്ചു. യേശു തന്റെ ജീവിതത്തിൽ നൽകിയ ഏറ്റവും കടുത്ത ശാസനയായിരുന്നു അത്. പരീശന്മാരെ ഒരിക്കൽ ശാസിച്ചപ്പോൾ "അണലി"കളേ എന്നുമാത്രമെ യേശു വിളിച്ചുള്ളു. എന്നാൽ പത്രോസിനെ "സാത്താനേ" എന്നാണു വിളിച്ചത്.

**എന്റെ മുഖത്ത് ഒരു കറുത്ത പാടുണ്ടെന്ന് എന്റെ ശത്രു പറഞ്ഞാൽ ഞാൻ അയാളോടു നന്ദിയുള്ളവനായിരിക്കണം. കാരണം എനിക്കു കാണാൻ കഴിയാത്ത ഒരു കാര്യമാണ് അയാൾ കാട്ടിത്തന്നത്.**

ഏറ്റവും കടുത്ത ശാസനകൾ തന്നോടേറ്റവും അടുത്തു നിൽക്കുന്നവർക്കായിരുന്നു യേശു നൽകിയത്. കർത്താവ് താൻ ഏറ്റവും സ്നേഹിക്കുന്നവനെ ഏറ്റവും ശാസിക്കുന്നു (വെളി. 3:19).

പിന്നീട് അധികം ശിഷ്യന്മാരും കർത്താവിന്റെ ഉപദേശങ്ങളിൽ മുറിവേറ്റവരായി അവനെ വിട്ടുപോയി. പന്തിരുവരോടു യേശു ചോദിച്ചു: "നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ?" പക്ഷേ പത്രോസാണ് അതിനു മറുപടി പറഞ്ഞത്. "കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടല്ലോ." (യോഹ.6:60, 66-68). എന്തായിരുന്നു പത്രോസ് കേട്ട നിത്യജീവന്റെ വചനങ്ങൾ? "സാത്താനെ, എന്റെ പിറകിൽ പോ!" എന്നതു തന്നെ

ശാസനയാണു നമ്മെ നിത്യജീവനിലേക്കു നയിക്കുന്നതെന്ന് തിരിച്ചറിയാൻ നമുക്കു കഴിയുന്നുണ്ടോ?

തെറ്റു തിരുത്തലിനെ പത്രോസ് കണ്ടത് അത്തരത്തിലായിരുന്നു. പിൽക്കാലത്ത് താൻ എന്തായിത്തീർന്നുവോ അതിലേക്കു തന്നെ നടത്തിയതും ആ മനോഭാവമായിരുന്നു.

പിന്നീടൊരവസരത്തിലും പത്രോസിനു യേശുവിൽ നിന്നും തെറ്റു തിരുത്തലിനെ സ്വീകരിക്കേണ്ടി വന്നു. അന്ത്യ അത്താഴ സമയത്ത് മറ്റു ശിഷ്യന്മാർ തള്ളിപ്പറഞ്ഞാലും താൻ കർത്താവിനെ തള്ളിപ്പറയുകയില്ല എന്നു പത്രോസ് പ്രഖ്യാപിച്ചു. അതിനു മറുപടിയായി അടുത്ത പന്ത്രണ്ടു മണിക്കൂറിനുള്ളിൽ മൂന്നു പ്രാവശ്യം പത്രോസ് തന്നെ തള്ളിപ്പറയുമെന്ന് കർത്താവ് അറിയിച്ചു. ഈ മറുപടിയും പത്രോസിനെ വ്രണപ്പെടുത്തിയില്ല. അത്തരം ഒരു മനുഷ്യനെയാണ് കർത്താവു പെന്തക്കോസ്തു നാളിൽ തന്റെ മുഖ്യ അപ്പൊസ്തൊലനും പ്രസംഗിയും ആക്കിയത്.

ശാസനയ്ക്കു മുമ്പിൽ തന്നെത്തന്നെ താഴ്ത്തിയതുകൊണ്ടു ദൈവം അവനെ ഉയർത്തി. തന്റെ അനുഭവങ്ങളിൽനിന്നുൾക്കൊണ്ട ജ്ഞാനത്താൽ അദ്ദേഹം നമ്മെ പ്രബോധിപ്പിക്കുന്നു "എപ്പോഴും താണിരിക്കുക" (1 പത്രൊ. 5:5,6) എന്ന്. നമ്മെ സ്വയം താഴ്ത്തുന്നതിലൂടെ നമുക്കൊന്നും തന്നെ നഷ്ടമാകുന്നില്ല. ഒരു ദിവസം ദൈവം നമ്മെ ഉയർത്തുക തന്നെ ചെയ്യും.

ശാസനയോടു യൂദാ ഇസ്തര്യോത്താവിന്റെ പ്രതികരണമെന്തെന്നു ശ്രദ്ധിക്കാം. ഒരു സ്ത്രീ യേശുവിന്റെ കാലിൽ വിലപിടിപ്പുള്ള ഒരു തൈലം കൊണ്ടുവന്ന് ഒഴിച്ചപ്പോൾ അതു വിറ്റു ലഭിക്കുന്ന പണം ദരിദ്രർക്കുകൊടുക്കാതെ ഇപ്രകാരം ഒഴിച്ചു കളഞ്ഞതു ധൂർത്താണെന്നു യൂദാ പറഞ്ഞു (യോഹ 12:5; മത്ത. 26:10-13). 'സ്ത്രീയെ വെറുതെ വിട്ടേക്കുക അവൾ നല്ല പ്രവൃത്തിയല്ലോ ചെയ്തത്' എന്ന് യേശു സൗമ്യമായി തിരുത്തി. പക്ഷേ യൂദായ്ക്കു മുറിവേറ്റു. മത്താ.26:14 ൽ നാം കാണുന്നത് യൂദാ വേഗംതന്നെ മഹാപുരോഹിതന്മാരെ ചെന്നു കണ്ട് യേശുവിനെ കാണിച്ചുകൊടുക്കാമെന്ന് ഉടമ്പടി ഉണ്ടാക്കുന്നതാണ്. ഈ സന്ദർഭം സൂചിപ്പിക്കുന്നത് യൂദാ വ്രണിതനായിത്തീർന്നു എന്നാണ്. കാരണം യേശു പരസ്യമായിട്ടായിരുന്നു അവനെ ശാസിച്ചത്.

സ്ത്രീയുടെ പ്രവൃത്തിയെ സംബന്ധിച്ച യൂദായുടെ വിലയിരുത്തൽ തെറ്റായിരുന്നു എന്നു മാത്രമാണ് യേശു പറഞ്ഞത്. പക്ഷേ യൂദയെ അസ്വസ്ഥനാക്കാൻ അത്രമാത്രം മതിയായിരുന്നു. താങ്കൾ നുറുക്കപ്പെട്ട ഒരു

*ശേഷം 23-ാം പേജിൽ*

# അധോലോകത്തിൽനിന്നുള്ള കത്തുകൾ

**സി.എസ്. ലൂയിസ്**

**മൊഴിമാറ്റം: സാജു ഏബ്രഹാം**

## വായിച്ചു തുടങ്ങും മുൻപ്

*സി.എസ്. ലൂയിസിന്റെ പ്രശസ്തമായ 'ദി സ്ക്രൂടേപ്പ് ലെറ്റേഴ്സി'ന്റെ പരിഭാഷയാണിത്. കുട്ടിപ്പിശാചിന്റെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യാനിയെ പിന്മാറ്റത്തിലേക്കു നയിക്കാൻ വേണ്ട നിർദ്ദേശങ്ങളാണ് അമ്മാവൻ പിശാച് കത്തിലൂടെ നൽകുന്നത്. കുട്ടിപ്പിശാചിന്റെ മേൽനോട്ടത്തിലുള്ള കക്ഷിയായ ക്രിസ്ത്യാനിയായ ചെറുപ്പക്കാരൻ തന്റെ അമ്മയും ഒന്നിച്ചുതാമസിക്കുകയാണ്. അവന്റെ പ്രാർത്ഥനാജീവിതത്തെ തകരാറിലാക്കാനും അമ്മയും അവനും തമ്മിലുള്ള ബന്ധത്തിൽ തെറ്റിദ്ധാരണ കൊണ്ടുവരുവാനും എല്ലാം വേണ്ട ഉപദേശങ്ങൾ കഴിഞ്ഞ കത്തുകളിലൂടെ പരിചയസമ്പന്നനായ അമ്മാവൻപിശാച് കുട്ടിപ്പിശാചിനു നൽകിക്കഴിഞ്ഞു. ഇതിനിടയിലാണ് ക്രിസ്ത്യാനിയായ ചെറുപ്പക്കാരന്റെ മാതൃരാജ്യമായ ബ്രിട്ടൻ ഒരു വശത്തും ശത്രുരാജ്യമായ ജർമനി മറുവശത്തും നിന്നുകൊണ്ടു ലോകമഹായുദ്ധം ആരംഭിച്ചത്. യുദ്ധത്തിന്റെ ഈ അന്തരീക്ഷം പരമാവധി 'പ്രയോജനപ്പെടുത്തുവാൻ' അമ്മാവൻ പിശാച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. തുടർന്നു വായിക്കുക. പൈശാചിക ശക്തികൾ യഥാർത്ഥത്തിൽ ഉള്ളതല്ല, അതു കേവലം ഒരു സങ്കല്പം മാത്രമാണെന്ന ധാരണയാണ് ഈ ക്രിസ്ത്യാനിക്കു നൽകേണ്ടതെന്ന് അമ്മാവൻ പിശാച് ഉപദേശിക്കുന്നു.*

**8**



പ്രിയപ്പെട്ട കുട്ടിപ്പിശാചേ,

നിന്റെ കക്ഷിയുടെ ഭക്തി പതുക്കെപ്പതുക്കെ ഇല്ലാതാകുന്നതായി ക്കാണുന്നത് നിനക്ക് വലിയ പ്രതീക്ഷ നൽകുന്നു എന്നാണല്ലോ എഴുതിയിരിക്കുന്നത്. കഷ്ടം തന്നെ. നിന്നെപ്പോലുള്ളവർക്കു പരിശീലനം നൽകിയ നമ്മുടെ പരിശീലന കേന്ദ്രത്തിന്റെ ഇപ്പോഴത്തെ തലവനെ കുറിച്ച് എനിക്ക് നല്ല അഭിപ്രായമില്ല. ഈ മനുഷ്യരുടെ സ്വഭാവത്തിൽ എപ്പോഴുമുള്ള 'ഉയർച്ച-താഴ്ച' പ്രതിഭാസത്തെകുറിച്ച് ആരും അവിടെവച്ച് നിന്നോട് പറഞ്ഞില്ല അല്ലേ? ഏതായാലും ഞാൻ ചില കാര്യങ്ങൾ പറഞ്ഞു തരാം.

ഈ മനുഷ്യനെന്നത് പകുതി ആത്മാവും പകുതി മൃഗവുമായിട്ടുള്ള ഒരു വിചിത്രജീവിയാണ് [1](ഇങ്ങനെയൊരു സങ്കരജീവിയെ സൃഷ്ടിക്കുവാനുള്ള ശത്രുവിന്റെ തീരുമാനമാണ് നമ്മുടെ പിതാവിനെ അവനിൽ നിന്നും അകറ്റിയ ഒരു കാരണം) മനുഷ്യൻ' ആത്മാവ് എന്ന നിലയിൽ വിളിക്കപ്പെട്ടവനാണെങ്കിലും അതേ സമയം തന്നെ അവൻ ഒരു മൃഗമായതിനാൽ ഒരു പ്രത്യേക സമയ പരിധിക്കുള്ളിൽ ജീവിക്കേണ്ടവനുമാണ്. അവന്റെ ആത്മാവ് നിത്യമായ ഒന്നിലേക്ക് കേന്ദ്രീകരിച്ചിരിക്കുവാൻ ആഗ്രഹിക്കുമ്പോൾ തന്നെ അവന്റെ ശരീരം, വികാരങ്ങൾ, താത്പര്യങ്ങൾ എന്നിവ കാലഘട്ടത്തിനനുസരിച്ച് മാറുന്നു. ഈ വൈരുദ്ധ്യം അവനെ സ്ഥിരതയില്ലാത്ത എപ്പോഴും ഉയർന്നും താഴ്ന്നുമുള്ള ഒരു ജീവിത രീതിയിൽ തളച്ചിടുന്നു. നീ വേണ്ട വണ്ണം ശ്രദ്ധിച്ചാൽ ഈ പ്രതിഭാസം

> **ഒരു ആത്മാവിനെ തനിക്ക് സ്വന്തമാക്കുവാൻ ദൈവം കൂടുതൽ സാദ്ധ്യത കാണുന്നത് മനുഷ്യൻ "തൃപ്തിയുടെ" ഉന്നതഗോപുരത്തിൽ നിൽക്കുന്ന സമയത്തേക്കാൾ നിരാശതയുടെ പടുകുഴിയിൽ കഴിയുമ്പോഴാണ് അവനു പ്രിയപ്പെട്ട പലരും ദീർഘകാലം നിരാശതയുടെ പടുകുഴിയിൽ ക്കഴിഞ്ഞവരാണ്.**

നിന്റെ കക്ഷിയുടെ ജീവിതത്തിന്റെ എല്ലാം മേഖലയിലുമുള്ളത് നിനക്കു കാണാം. അവന്റെ ജോലിയിൽ, അവന്റെ സ്നേഹിതരോടുള്ള ബന്ധത്തിൽ, ഭക്ഷണത്തോടുള്ള താത്പര്യത്തിൽ എല്ലാം ''ഉയർച്ച-താഴ്ച'' കാണാം. അവൻ ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം കാലം അവന്റെ ജീവിതത്തിൽ ഒരു സമയം വലിയ ഉത്സാഹവും, സന്തോഷവും, സമ്പന്നതയും പിന്നെ ഒരു സമയം മരവിപ്പും നിരാശതയും ദാരിദ്ര്യവും ഇങ്ങനെ പരസ്പര വിരുദ്ധങ്ങളായ അനുഭവങ്ങൾ മാറിമാറി വരുന്നു. [2]ഇപ്പോൾ നിന്റെ കക്ഷി അനുഭവിച്ചുകൊണ്ടിരിക്കുന്ന വിരസത നിന്റെ പ്രവർത്തനത്തിന്റെ മിടുക്കാണെന്ന് നീ തെറ്റിദ്ധരിക്കരുത്. അത് ഈ മനുഷ്യരിലുള്ള ഒരു സ്വാഭാവിക പ്രതിഭാസം മാത്രമാണ്. നാം ഈ അവസരം വേണ്ടതുപോലെ ഉപയോഗിച്ചാൽ മാത്രമേ നമുക്ക് പ്രയോജനം ലഭിക്കൂ.

ഈ സാഹചര്യത്തെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നറിയണമെങ്കിൽ ആദ്യം നമ്മുടെ ശത്രു ഇതിനെ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നു ശ്രദ്ധിക്കുക. അതിനുശേഷം അതിനുനേരെ എതിരായ പ്രവർത്തനം നടത്തുക-ഇതാണു വേണ്ടത്. ഒരു ആത്മാവിനെ തനിക്ക് സ്വന്തമാക്കുവാൻ നമ്മുടെ ശത്രു കൂടുതൽ സാദ്ധ്യത കാണുന്നത് മനുഷ്യൻ "തൃപ്തിയുടെ" ഉന്നതഗോപുരത്തിൽ നിൽക്കുന്ന സമയത്തേക്കാൾ നിരാശതയുടെ പടുകുഴിയിൽ കഴിയുമ്പോഴാണ് (നിനക്ക് അത്ഭുതം തോന്നുന്നുണ്ടാകാം) അവനു പ്രിയപ്പെട്ട പലരും ദീർഘകാലം നിരാശതയുടെ പടുകുഴിയിൽ കഴിഞ്ഞവരാണ്. നമ്മെ സംബന്ധിച്ചിടത്തോളം മനുഷ്യൻ നമ്മുടെ ഇര മാത്രമാണ്. അവരുടെ ഇച്ഛയെ നമ്മുടെ ഇച്ഛയാക്കിത്തീർക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതുവഴി



**‘നാം മനുഷ്യരിൽ നിന്നു ഞെക്കിപ്പിഴിഞ്ഞെടുക്കുവാൻ ആഗ്രഹിക്കുമ്പോൾ അവനോ തനിക്കുള്ളതിൽ നിന്നു മനുഷ്യർക്ക് നൽകുവാൻ ആഗ്രഹിക്കുന്നു.’**

“തന്നിഷ്ടവും സ്വാർത്ഥതയും” എന്ന നമ്മുടെ പ്രവർത്തനമേഖല ഒന്നുകൂടി വിപുലപ്പെടുത്തുകയാണ് നാം ചെയ്യുന്നത്. അതേസമയം നമ്മുടെ ശത്രു ഈ മനുഷ്യരിൽനിന്നും ആഗ്രഹിക്കുന്ന അനുസരണം തികച്ചും വ്യത്യസ്തമായ ഒന്നാണ്. മനുഷ്യരോടുള്ള നമ്മുടെ ശത്രുവിന്റെ സ്നേഹത്തെക്കുറിച്ചും അവൻ അവർക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും ഒക്കെ നീ കേൾക്കുന്നത് അവന്റെ ഒരു പ്രചാരണം മാത്രമാണെന്ന് നീ കരുതരുത്. [3]അത് ഭയാനകമായ ഒരു സത്യമാണെന്ന് നീ അറിയണം. ഈ ലോകം മുഴുവൻ തന്റെ സ്വഭാവം (നാം വളരെ വെറുക്കുന്നത്) വെളിപ്പെടുത്തുന്ന തന്റെതന്നെ ചെറിയ പതിപ്പുകൾകൊണ്ട് നിറയ്ക്കണം എന്നതാണ് നമ്മുടെ ശത്രുവിന്റെ പ്രധാന ലക്ഷ്യം. അവന്റെ ശക്തിയാൽ മനുഷ്യരെ കീഴ്പ്പെടുത്തുകയല്ല പകരം മനുഷ്യൻ സ്വന്ത ഇഷ്ടപ്രകാരം അവന്റെ സ്വഭാവത്തോട് ചേരുകയാണ് ചെയ്യു ന്നത്. ആഹാരമായിത്തീരേണ്ട മൃഗങ്ങളായി മാത്രം ഈ മനുഷ്യരെ നമുക്ക് ആവശ്യമുള്ളപ്പോൾ നമ്മുടെ ശത്രു അവന്റെ മക്കളായിത്തീരുവാൻ തക്കവണ്ണം തങ്ങളെത്തന്നെ സമർപ്പിച്ചവരെ അന്വേഷിക്കുന്നു. നാം മനുഷ്യരിൽ

**സ്വന്തം വ്യക്തിത്വം നിലനിർത്തിക്കൊണ്ടു തന്നെ തന്നോട് ഐക്യത്തിൽ കഴിയുന്ന മനുഷ്യരെക്കൊണ്ട് ഈ ഭൂമി നിറയ്ക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.**

നിന്നു ഞെക്കിപ്പിഴിഞ്ഞെടുക്കുവാൻ ആഗ്രഹിക്കുമ്പോൾ അവനോ തനിക്കുള്ളതിൽ നിന്നു മനുഷ്യർക്ക് നൽകുവാൻ ആഗ്രഹിക്കുന്നു. നാം ശൂന്യരാകയാൽ സ്വയം നിറയ്ക്കുവാൻ ശ്രമിക്കുന്നു. അവനോ നിറഞ്ഞവനും നിറഞ്ഞു കവിയുന്നവനുമാകുന്നു. നമ്മുടെ ലക്ഷ്യം ഈ ഭൂതലത്തിലുള്ള സകലത്തേയും അധോലോകത്തിലെ നമ്മുടെ പിതാവിന് അടിമയാക്കിത്തീർക്കുക എന്നതാണ്. സ്വന്തം വ്യക്തിത്വം നിലനിർത്തിക്കൊണ്ടുതന്നെ തന്നോട് ഐക്യത്തിൽ കഴിയുന്ന മനുഷ്യരെക്കൊണ്ട് ഈ ഭൂമി നിറയ്ക്കണമെന്നാണ് നമ്മുടെ ശത്രു ആഗ്രഹിക്കുന്നത്.

താൻ ആഗ്രഹിക്കുന്ന ഏതു സമയത്തും ഏതു രീതിയിലും മനുഷ്യർക്കു തിരിച്ചറിയുവാൻ കഴിയുന്ന വണ്ണം തന്നെ വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള ശക്തി നമ്മുടെ ശത്രുവിനുണ്ടെങ്കിലും അവൻ അത് ചെയ്യുന്നില്ല. ഇത് നിന്നെ അത്ഭുതപ്പെടുത്തുന്നുണ്ടാകാം. അതാണവന്റെ വിചിത്രസ്വഭാവം. വെറുതേ ഒരു മനുഷ്യന്റെ ഇച്ഛയെ കീഴടക്കിയതുകൊണ്ട് വലിയ പ്രയോജനമില്ലെന്ന് നമ്മുടെ ശത്രുവിനറിയാം. (വളരെ ചെറിയ അളവിൽ അവ്യക്തമായിട്ടാണെങ്കിലും തന്റെ സാന്നിദ്ധ്യം ഒന്നറിയിച്ചാൽ മതി അവന് ഈ മനുഷ്യരെ കീഴ്പ്പെടുത്തുവാൻ കഴിയും) പക്ഷേ അവൻ ബലം

പ്രയോഗിച്ച് ആരേയും കീഴ്പ്പെടുത്തുവാൻ ശ്രമിക്കുകയില്ല; അനുനയിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഈ മനുഷ്യരെല്ലാം വ്യത്യസ്തരായി നിൽക്കെത്തന്നെ തന്നോട് ഒരുമനപ്പെട്ട് ഒന്നാകണം എന്നതാണ് നമ്മുടെ ശത്രുവിന്റെ ഹീനമായ താത്പര്യം. അവരെ പൂർണ്ണമായി ഇല്ലാതാക്കുംവണ്ണം തന്നിലേക്ക് ഉൾക്കൊള്ളുന്നതുകൊണ്ട് വലിയ പ്രയോജനമില്ല എന്നാണ് അവൻ കരുതുന്നത്. എന്നാൽ ഒരുവന്റെ ക്രിസ്തീയ ജീവിതത്തിന്റെ തുടക്കത്തിൽ അവൻ അല്പം സ്വാധീനം ചെലുത്താറുണ്ട്. അത്ര വ്യക്തമായിട്ടില്ലെങ്കിലും തന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ഒരു ബോധം മനുഷ്യരിൽ ഉണ്ടാക്കും (തങ്ങളിൽ ഒരു മധുരവികാരം ഉണർത്തുന്നതും പരീക്ഷകളെ ജയിക്കാൻ ശക്തി നൽകുന്നതുമായ 'നമ്മുടെ' ശത്രുവിന്റെ ഈ സാന്നിദ്ധ്യബോധം തന്നെ മനുഷ്യർക്ക് വലിയ കാര്യമാണ്) എന്നാൽ ഈ അവസ്ഥ അധികം നാൾ തുടരാൻ അനുവദിക്കാതെ അവൻ പിൻവാങ്ങും. പൂർണ്ണമായി അവരെ കൈവിട്ടു എന്നല്ല പെട്ടെന്ന് അനുഭവിക്കാൻ കഴിയുന്ന തരത്തിലുള്ള പിന്തുണ ഉണ്ടാകയില്ല എന്നു മാത്രം. അവൻ മനുഷ്യരെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രേരിപ്പിക്കുന്നു.

(സ്വാഭാവികമായി താത്പര്യമില്ലാത്ത കാര്യങ്ങൾ പോലും സ്വന്ത ഇച്ഛയിൽ ചെയ്യുവാൻ അവൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു.) അവൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു വളർച്ച ഈ മനുഷ്യരിൽ ഉണ്ടാകുന്നത് ഇങ്ങനെയുള്ള അവസരത്തിലാണ്. അതുകൊണ്ടുതന്നെ നാം തുടക്കത്തിൽ പറഞ്ഞതുപോലെ മനുഷ്യരുടെ ആത്മീയ ജീവിതം ഉണങ്ങി വരണ്ടിരിക്കുന്ന അവസരത്തിലുള്ള പ്രാർത്ഥനയാണ് നമ്മുടെ ശത്രുവിനെ വളരെ സന്തോഷിപ്പിക്കുന്നത്. ഈ സമയത്ത് നമ്മൾ മനുഷ്യരുടെ "സ്വന്തം ഇച്ഛ" എന്നതിനെ സ്വാധീനിക്കുവാൻ വേണ്ടതു ചെയ്യണം. [4]മനുഷ്യരെ തിന്മ ചെയ്യുവാൻ നാം പ്രലോഭിപ്പിക്കുന്നതുപോലെ നന്മ ചെയ്യുവാൻ ശത്രു ഒരിക്കലും ആരേയും പ്രലോഭിപ്പിക്കാറില്ല. നേരിട്ടുള്ള തന്റെ സഹായം കൂടാതെ തന്നെ മനുഷ്യർ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ട് നടക്കുവാൻ പഠിക്കണം എന്നാണ് അവൻ ആഗ്രഹിക്കുന്നത്. ഉള്ളിന്റെ ഉള്ളിൽ തന്നോടുകൂടി നടക്കണമെന്ന് ആഗ്രഹിക്കുന്നവർ ഇടയ്ക്കൊന്നു വീണാലും അവനു പ്രയാസമില്ല. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട പിശാചുകുഞ്ഞേ, മനുഷ്യരുടെ ചില അവസ്ഥകൾ കണ്ട് നീ ചതിക്കപ്പെടരുത്. സാഹചര്യങ്ങൾ അനുകൂലമല്ലാത്തപ്പോൾ പോലും ശത്രുവിന്റെ താത്പര്യങ്ങൾ അനുസരിക്കുവാൻ മനുഷ്യർ തുടങ്ങിയാൽ പിന്നെ അതിനേക്കാൾ അപകടകരമായ ഒരു സാഹചര്യം നമ്മെ സംബന്ധിച്ചില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും മനുഷ്യർ നിരാശക്കുഴിയിൽ വീണുകിടക്കുന്ന അവസരത്തിൽ നമുക്ക് ചില സാദ്ധ്യതകൾ ഉണ്ട്. അതു സംബന്ധിച്ച് ചില വിവരങ്ങൾ അടുത്ത കത്തിൽ എഴുതാം.



*സ്നേഹപൂർവ്വം*
*അമ്മാവൻ പിശാച്*

## അടിക്കുറിപ്പുകൾ

***1. ഇങ്ങനെയൊരു സങ്കരജീവിയെ സൃഷ്ടിക്കാനുള്ള ശത്രുവിന്റെ തീരുമാനമാണ് നമ്മുടെ പിതാവിനെ...... അകറ്റിയ ഒരു കാരണം.***

'ശത്രു' എന്ന് ഇവിടെ പറയുന്നത് ദൈവത്തെക്കുറിച്ചാണ് (പിശാചുക്കളുടെ ശത്രുവാണല്ലോ ദൈവം). 'നമ്മുടെ പിതാവ് എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു പിശാചുക്കളുടെ തലവനായ സാത്താനെയാണ്. ലൂസിഫർ ദൈവത്തോടു മത്സരിച്ച് സാത്താനായി മാറിയതിന്റെ ഒരു കാരണം ദൈവം മനുഷ്യരെ സൃഷ്ടിക്കാൻ തുനിഞ്ഞതാണത്രേ.

***2. ഇപ്പോൾ നിന്റെ കക്ഷി അനുഭവിച്ചുകൊണ്ടിരിക്കുന്ന വിരസത.......... തെറ്റിദ്ധരിക്കരുത്***

കുട്ടിപ്പിശാചിന്റെ മേൽ നോട്ടത്തിലുള്ള ക്രിസ്ത്യാനി ഇപ്പോൾ ആത്മീയമായി ഒരു വിരസമായ ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. 'അത് നിന്റെ പ്രവർത്തനത്തിന്റെ വിജയമാണെന്നു തെറ്റിദ്ധരിക്കരുതെ'ന്ന് അമ്മാവൻ പിശാച് കുട്ടിപ്പിശാചിനെ ഉദ്ബോധിപ്പിക്കുന്നു. നിത്യത ലക്ഷ്യമാക്കി പോകുന്ന ആത്മാവ് സ്ഥലകാല പരിമിതിക്കുള്ളിൽ ബന്ധിതമായ ജഡത്തിൽ കുടികൊള്ളുന്നു-ഇതാണ് മനുഷ്യൻ. അമ്മാവൻ പിശാചിന്റെ ഭാഷയിൽ ഒരേസമയം ആത്മാവും മൃഗവുമാണവൻ. ഈ സങ്കര സ്വഭാവം അവനിൽ എല്ലാ കാര്യങ്ങളിലും ഒരു 'ഉയർച്ച-താഴ്ച' സൃഷ്ടിക്കുന്നു. ചിലപ്പോൾ നല്ല സന്തോഷം. ചിലപ്പോൾ നിരാശ. ചിലപ്പോൾ നല്ല ഉത്സാഹം. ചിലപ്പോൾ തണുപ്പ്. ഇത് അവന്റെ പ്രകൃതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് 'നിന്റെ കക്ഷി ഇപ്പോൾ ആത്മീയ കാര്യങ്ങളിൽ കാട്ടുന്ന വിരസത അവന്റെ പ്രകൃതത്തിന്റെ ഭാഗമാണ്. അല്ലാതെ നിന്റെ മിടുക്കല്ല'-അമ്മാവൻ പിശാച് കുട്ടിപ്പിശാചിനോടു തുറന്നു പറയുന്നു.

***3. അത് ഭയാനകമായ ഒരു സത്യമാണെന്ന് നീ അറിയണം***

പിശാച് ആളുകളുടെ ഇച്ഛയെ കീഴ്പ്പെടുത്തി അവരെ അടിമകളാക്കി മാറ്റുകയാണ് ചെയ്യുന്നത്. എന്നാൽ ദൈവം ആ നിലയിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ ഇടപെട്ട് അവനെ ബലമായി തന്റെ വകയാക്കത്തീർക്കുന്നില്ല. മനുഷ്യൻ ദൈവവഴികളെ സ്വന്തഇഷ്ടപ്രകാരം തന്നെ തിരഞ്ഞെടുക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. "അതുകൊണ്ടുതന്നെ മനുഷ്യനു ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും മറ്റും പറഞ്ഞു കേൾക്കുന്നതു വെറും ഒരു ഭംഗിവാക്കല്ല. അതു തികച്ചും സത്യമാണെന്നും നീ അറിയണം"-അമ്മാവൻ പിശാച് പറയുന്നു.

***4. മനുഷ്യരെ തിന്മ ചെയ്യാൻ നാം പ്രലോഭിപ്പിക്കുന്നതുപോലെ...... ശത്രു ഒരിക്കലും ആരെയും പ്രലോഭിപ്പിക്കാറില്ല***

പിശാച് പ്രലോഭിപ്പിച്ച ആളുകളെ തിന്മ ചെയ്യിക്കുന്നു. എന്നാൽ നന്മചെയ്യാൽ ദൈവം ആരേയും പ്രലോഭിപ്പിക്കുന്നില്ല. മനുഷ്യർ സ്വന്തഇച്ഛ അനുസരിച്ചുതന്നെ നന്മചെയ്യുന്നവരായി മാറണം- അതാണ് ദൈവിക പദ്ധതി. അതുകൊണ്ടുതന്നെ ഒരു ദൈവമകൻ വിശ്വാസത്തിൽ ക്ഷീണിച്ചിരിക്കുന്ന സന്ദർഭത്തിലാണെങ്കിലും ബോധപൂർവം ദൈവത്തെ അന്വേഷിക്കാൻ ഇച്ഛവച്ചാൽ അതു ദൈവത്തിന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തും. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ആത്മീയമായി 'താണ അവസ്ഥ'പോലും ദൈവം ഇപ്രകാരമാണു പ്രയോജനപ്പെടുത്തുന്നത്.

# 'എട്ടു രാജ്യങ്ങളിൽ മതസ്വാതന്ത്ര്യമില്ല'

മതസ്വാതന്ത്ര്യം വേണ്ടത്ര ഇല്ലാത്ത എട്ടു രാജ്യങ്ങളുടെ കാര്യത്തിൽ തങ്ങൾക്ക് പ്രത്യേക ഉൽക്കണ്ഠയുണ്ടെന്ന് യു.എസ്. സെക്രട്ടറി ഓഫ് സ്റ്റേറ്റ് കോളിൻ പവ്വൽ പ്രസ്താവിച്ചു. ആറാമതു രാജ്യാന്തര മതസ്വാതന്ത്ര്യ റിപ്പോർട്ട് പുറത്തിറക്കിക്കൊണ്ട് പവ്വൽ നടത്തിയ പ്രസ്താവനയിൽ മ്യാൻമാർ, ചൈനാ, ഇറാൻ, ഉത്തര കൊറിയ, സുഡാൻ, വിയറ്റ്നാം തുടങ്ങിയവയെ പേരെടുത്തു വിമർശിച്ചിട്ടുണ്ട്.

## മിഷനറിയെ മർദ്ദിച്ചു

ഗ്വാളിയോറിൽ സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ജീസസ് മിഷൻ എന്ന സംഘടനയിലെ സുധീർ എന്ന ഒറീസ്സാ സ്വദേശിയായ മിഷനറിയെ മതതീവ്രവാദികളായ ചിലർ മൃഗീയമായി മർദ്ദിച്ചു. ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ച ശേഷം സൈക്കിളിൽ മടങ്ങുകയായിരുന്ന മിഷനറിയോടൊപ്പം ലിഫ്റ്റ് ചോദിച്ചു കയറിയ ആൾ ഒരു പ്രത്യേക സ്ഥലത്തു സൈക്കിൾ നിർത്താനാവശ്യപ്പെടുകയും മർദ്ദിക്കുകയുമാണുണ്ടായത്. പൊലീസ് ആരേയും അറസ്റ്റു ചെയ്തിട്ടില്ല.

## യിസ്രായേൽ ഗോത്രമാണെന്ന് അവകാശവാദം

യിസ്രായേലിലെ നഷ്ടപ്പെട്ടുപോയ ഗോത്രങ്ങളിൽ ഒന്നാണു തങ്ങൾ എന്നു വാദിക്കുന്ന മിസ്സോറാമിലെ ജനങ്ങളുടെ അവകാശവാദത്തെ ശരിവയ്ക്കുന്ന ഒരു തെളിവു ലഭിച്ചതായി റിപ്പോർട്ട്. തിരഞ്ഞെടുക്കപ്പെട്ട മിസ്സോകളിൽ ഈയിടെ നടത്തിയ ഡി.എൻ.എ.പരിശോധന യിസ്രായേല്യരുടെ വംശവുമായി ഈ ജനതതിക്കു സാമ്യം ഉണ്ടെന്നു വ്യക്തമാക്കിയത്രേ. അതുകൊണ്ടു തങ്ങളെ യിസ്രായേലിലെ മനശ്ശെ ഗോത്രത്തിലെ നഷ്ടപ്പെട്ടുപോയ ജനവിഭാഗമായി കണക്കാക്കണമെന്നാണു മിസ്സോകളുടെ വാദം.



## പുരോഹിതനെ വിചാരണ ചെയ്യുന്നു

ജനത്തെ കൂട്ടക്കൊല ചെയ്യുന്നതിനു സഹായിച്ചു എന്ന കുറ്റത്തിനു ടാൻസാനിയായിൽ അത്തനാസെസെറോബ(41) എന്ന പുരോഹിതൻ യു.എൻ.യുദ്ധ കുറ്റ ട്രൈബ്യൂണലിന്റെ മുൻപാകെ വിചാരണ നേരിടുന്നു. 1994 ഏപ്രിൽ 13ന് റോമൻ കത്തോലിക്കാ പള്ളിയിൽ 200 വിശ്വാസികൾ തടിച്ചുകൂടിയിരിക്കുമ്പോൾ പള്ളി ബുൾഡോസർ വച്ച് ഇടിച്ചു നിരത്തുകയും രക്ഷപ്പെടാൻ ശ്രമിച്ചവരെ വകവരുത്തുകയും ചെയ്തതിൽ ഫാ.സെറോമ്പായ്ക്കും പങ്കുണ്ടെന്ന ആരോപണത്തെ തുടർന്നാണ് അദ്ദേഹം വിചാരണയെ നേരിടുന്നത്. അതേസമയം പുരോഹിതൻ ആരോപണങ്ങൾ നിഷേധിച്ചു.

## സ്കൂൾ തകർത്തു

നേപ്പാളിൽ കാഠ്മണ്ടുവിൽനിന്ന് 135 കിലോമീറ്റർ അകലെ കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന സെന്റ് ജോസഫ്സ് സ്കൂൾ മാവോയിസ്റ്റ് തീവ്രവാദികൾ ബോംബു വച്ചു തകർത്തു.

---

## കീഴടങ്ങലിലൂടെ നുറുക്കം 19-ാം പേജ് തുടർച്ച

വ്യക്തിയല്ലെങ്കിൽ വളരെ മൃദുവായ ഒരു തെറ്റുതിരുത്തൽ പോലും താങ്കളെ മുറിവേൽപ്പിക്കും.

യൂദായുടെ പ്രതികരണത്തിന്റെയും പത്രോസിന്റെ പ്രതികരണത്തിന്റെയും അനന്തരഫലം ശ്രദ്ധിക്കുക. രണ്ടു പേരും തെറ്റുതിരുത്തലെന്ന ഒറ്റക്കാര്യത്തിൽ ശോധന ചെയ്യപ്പെട്ടു. ഒരാൾ പരാജയപ്പെട്ടു. മറ്റൊരാൾ വിജയിയായി.

നാമും ഇപ്രകാരം തന്നെ പരിശോധിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. പരസ്യമായ ശാസന നമ്മെ മുറിവേൽപ്പിക്കുന്നുവെങ്കിൽ അതിന്നർത്ഥം നാം മനുഷ്യരുടെ മാനം ആഗ്രഹിക്കുന്നുവെന്നാണ്. അതങ്ങനെയെങ്കിൽ ഇപ്പോൾത്തന്നെ നാം അതു തിരിച്ചറിയുക. മനുഷ്യരുടെ മാനം അന്വേഷിക്കുന്നതിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാനായി നമുക്കു പോരാടാം. മനുഷ്യരുടെ അഭിപ്രായങ്ങൾക്കു നാം എത്ര മാത്രം അടിമകളാണെന്നു നമുക്കു കാണിച്ചു തരുവാൻ ഇത്തരം സന്ദർഭങ്ങളെ ദൈവം അനുവദിക്കുന്നു. ഇപ്പോൾ നമുക്കു നമ്മെത്തന്നെ ശുദ്ധീകരിക്കാം.

കർത്താവു നമ്മെ നേരിട്ടു തെറ്റു തിരുത്തുമ്പോഴും മറ്റുള്ളവരിലൂടെ അതു ചെയ്യുമ്പോഴും നമുക്കു പത്രോസിന്റെ മനോഭാവമുള്ളവരാകാം. അതത്രേ നിത്യ ജീവന്റെ വഴി. നാം നമ്മെത്തന്നെ താഴ്ത്തുന്നുവെങ്കിൽ നമുക്കു ദൈവത്തിന്റെ കൃപ ലഭിക്കുകയും നമ്മെ അവിടുന്നു തക്കസമയത്തു ഉയർത്തുകയും ചെയ്യും.

നുറുക്കപ്പെടാത്ത ആളുകൾ എപ്പോഴും ഒറ്റപ്പെട്ടു നടക്കുന്നവരാണ് - ഒറ്റയാന്മാരായ നേതാക്കളും ഒറ്റയാന്മാരായ വിശ്വാസികളും. അവർ പോകാനാഗ്രഹിക്കുന്നിടത്തൊക്കെയും പോകുന്നു. ചെയ്യാനാഗ്രഹിക്കുന്നതൊക്കെയും ചെയ്യുന്നു. ഇത്തരം നുറുക്കപ്പെടാത്ത വിശ്വാസികൾക്ക് തങ്ങളെ അനുസരിക്കുന്നവരോടൊപ്പം മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. ഇത്തരം വിശ്വാസികളെ നമുക്കെവിടെയും കാണുവാൻ കഴിയും. അവർ പൂക്കളിൽ നിന്നും പൂക്കളിലേക്ക് പാറിനടക്കുന്ന ചിത്രശലഭങ്ങളെപ്പോലെ കൂട്ടായ്മകളിൽ നിന്നും കൂട്ടായ്മകളിലേക്കും പ്രസ്ഥാനങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിലേക്കും പാറി നടക്കുന്നു. അവർ പ്രയോജനമില്ലാതെ ജീവിതം പാഴാക്കുന്നു. കർത്താവിന്റെ ശാസന കേൾക്കാതെ, ഉപദേശം ശ്രദ്ധിക്കാതെ പോയ കയീനെപ്പോലെ (ഉല്പ.4:12) അവർ ഭൂമിയിൽ ഉഴലുന്നവരാകാം.

അത്തരം ഒറ്റയാന്മാരെ ദൈവം ആത്മീയാധികാരം ഭരമേല്പിക്കുന്നില്ല. കാരണം ഒറ്റയാന്മാരുടെ ഒരു കൂട്ടത്തെയല്ല ഒരു ശരീരത്തെയാണു കർത്താവു പണിയുന്നത്.

*(തുടരും)*

*മൊഴിമാറ്റം:*
*ബോബി ചെറിയാൻ,*
*റാന്നി*

# HAPPINESS WHEN SHARED, IS DOUBLED

Two men, both seriously ill, occupied the same hospital room. One man was allowed to sit up in his bed for an hour each afternoon to help drain in fluid from his lungs. His bed was next to the room's only window.

The other man had to spend all his time flat on his back.The men talked for hours on end.

They spoke of their wives and families, their homes, their jobs, their involvement in the military service, where they had been on vacation.

Every afternoon when the man in the bed by the window could sit up, he would pass the time by describing to his roommate all the things he could see outside the window.

The man in the other bed began to live for those one-hour periods where his world would be broadened and enlivened by all the activity

And color of the outside.

The window overlooked a park with a lovely lake.

Ducks and swans played on the water while children sailed their model boats.

Young lovers walked arm in arm amidst flowers of every color and a fine view of the city skyline could be seen in the distance.

As the man by the window described all this in exquisite detail, the man on the other side of the room would close his eyes and imagine the picturesque scene.

One warm afternoon the man by the window described a parade passing by.

Although the other man couldn't hear the band-he could see it in his mind's eye as the gentleman by the window portrayed it with descriptive words. Days and weeks passed.

One morning, the day nurse arrived to bring water for their baths only to find the lifeless body of the man by the window, who had died peacefully in his sleep. She was saddened and called the hospital attendants to take the body away.

As soon as it seemed appropriate, the other man asked if he could be moved next to the window.

The nurse was happy to make the switch, and after making sure he was comfortable, she left him alone.

Slowly, painfully, he propped himself up on one elbow to take his first look at the real world outside.

He strained to slowly turn to look out off the window beside the bed.

It faces a blank wall. The man asked the nurse what could have compelled his deceased roommate who had described such wonderful things outside this window.

The nurse responded that the man was blind and could not even see the wall.

She said, "Perhaps he just wanted to encourage you."

Epilogue:

"There is tremendous happiness in making others happy, despite our own situations"

"Shared grief is half the sorrow, but happiness when shared, is doubled"

"If you want to feel rich, just count all the things you have that money can't buy"

"Today is a gift, that's why it is called the present."

•

ജീവമൊഴി പബ്ളിക്കേഷൻസിന്റെ പുതിയ പുസ്തകം!

സ്നേഹത്തിന്റെ പിൻവിളി

ജീവമൊഴികളിൽ വന്ന 33 പത്രാധിപലേഖനങ്ങളുടെ സമാഹാരം

പുസ്തകം ലഭിക്കുന്നതിന്

ജീവമൊഴി പബ്ളിക്കേഷൻസ്

യു.സി. കോളജ് പി.ഒ

ആലുവ-683 102 കേരള, ഫോൺ: 0484-2604384

എന്ന വിലാസത്തിൽ ബന്ധപ്പെടുകയോ മണിയോർഡർ അയയ്ക്കുകയോ ചെയ്യുക



വില 30 രൂപ

Printed & Published by T. Ipe, Orappankuzhiyil, Puthanangady, Kottayam on behalf of Christian Fellowship Trust, Kumaranalloor P.O., Kottayam-16 Ph : 0481-2392753.
and printed at Udaya Press, Chungam, Kottayam and Published at Christian assembly centre Kumaranalloor, Kottayam-16,
Editor: Geoji T. Samuel, Ardram, CAC Campus, Kumaranalloor, Kottayam-16